**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലുൾപ്പെട്ട ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പൊതുപരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത
റിപ്പോർട്ടിലുൾപ്പെട്ട ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തു
കളുമായി ബന്ധപ്പെട്ട പൊതുപരാമർശങ്ങൾ
അടിസ്ഥാനമാക്കിയുള്ളത്)

1324/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 37 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 57 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016-2019)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അട്ടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

---

*2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പൊതുപരാമർശങ്ങളിലെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 ആഗസ്റ്റ് മാസം 9- ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2017 ആഗസ്റ്റ് 9.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## റിപ്പോർട്ട്

# ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പൊതുപരാമർശങ്ങൾ

<u>മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ</u>

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| ചുനക്കര | 99-2000 | 1. പൈപ്പ് ലൈൻ-അധിക ചെലവ് | 24599 |
| | | 2. മൃഗാശുപത്രി കെട്ടിടം - അധികം നൽകിയത് | 48966 |
| | | 3. അനർഹർക്ക് സബ്സിഡി | 20250 |
| | | 4. കാലിത്തൊഴുത്ത്-അപാകത | 41250 |
| നൂറനാട് | 99-2000 | 1. അഡ്വാൻസ് തിരികെ വാങ്ങാത്തത് | 12233 |
| | | 2. മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് | 19181 |
| | 2000-01 | 3. അനാവശ്യമായി നൽകിയ കാർ വാടക | 43121 |
| ചേന്നംപള്ളിപ്പുറം | 99-2000 | 1. മരാമത്തു പണിയിലെ അപാകത | 63568 |
| | | 2. ചെലവ് രേഖകൾ ഹാജരാക്കാത്തത് | 330000 |
| ചിങ്ങോലി | 99-2000 | സാക്ഷരത-പദ്ധതിവിഹിതം വകമാറ്റി ചെലവഴിച്ചത് | 38337 |
| കരുവാറ്റ | 99-2000 | 1. റോഡ് ഗ്രാവലിംഗ്-അധിക നിരക്ക് | 16362 |
| | | 2. പിഴപ്പലിശ ഈടാക്കാത്തത് | 11743 |
| | | 3. താറാവ് വിതരണം-വകമാറ്റി ചെലവഴിച്ചത് | 75240 |
| | 2000-01 | 1. കമ്പ്യൂട്ടർ പരിശീലനം-അധികം നൽകിയ തുക | 23125 |

| | | | |
|---|---|---|---|
| | | 2. വനിതാ സ്വാശ്രയസംഘം ലക്ഷ്യം കൈവരിച്ചില്ല | 50000 |
| | | 3. മെതിയന്ത്രം - രസീതില്ല | 60909 |
| തിരുവൻവണ്ടൂർ | 99-2000 | 1. പിഴപ്പലിശ ഈടാക്കാത്തത് | 123802 |
| | | 2. മുൻക്ലൂർ നൽകിയ പണി പൂർത്തീകരിക്കാത്തത് | 73218 |
| | | 3. കിണർ നിർമ്മാണം-അപാകത | 148524 |
| | | 4. ചുറ്റുമതിൽ നിർമ്മാണം | 69582 |
| പത്തിയൂർ | 99-2000 | 1. കൃഷി-ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് | 19985 |
| | | 2. അധിക സബ്സിഡി വിതരണം | 40213 |
| രാമങ്കരി | 2000-01 | 1. പദ്ധതി നിർവ്വഹണം-അധികം ചെലവഴിച്ചത് | 20254 |
| | | 2. സ്കൂൾ - മണ്ണ് ഫില്ലിംഗ് | 12767 |
| ചേർത്തല | 2000-01 | 1. ഉഴവ് യന്ത്രം-വാടക സംബന്ധിച്ച് | 125995 |
| | | 2. വോട്ടർ പട്ടിക-അധിക നിരക്ക് | 39085 |
| | | 3. റെഡിമെയ്ഡ് യൂണിറ്റ് | 126375 |
| | | 4. പമ്പ്സെറ്റ് വിതരണം | 21450 |
| | | 5. കുഴൽക്കിണർ വിതരണം | 16275 |
| കഞ്ഞിക്കുഴി | 99-2000 | 1. ചെലവു വിവരം ഇല്ല | 61448 |
| | | 2. ഭവനം-അനർഹർക്ക് നൽകിയ തുക | 72000 |
| | | 3. രേഖകൾ ഹാജരാക്കിയില്ല | 50923 |
| | | 4. കൃഷി-മോട്ടോർ വാങ്ങിയതിലെ അപാകത | 54920 |
| വയലാർ | 97-98 | കൃഷി-ചെലവു രേഖകൾ ഹാജരാക്കാത്തത് | 15070 |
| പാലമേൽ | 99-2000 | 1. കാർഷിക പദ്ധതിയിലെ അപാകതകൾ | 122004 |
| | | 2. വിനോദനികുതി-സമാന്തര ടിക്കറ്റ് വിറ്റത് | 65748 |

| | | | |
|---|---|---|---|
| മാന്നാർ | 99-2000 | 1. സർക്കാർ നിബന്ധന പാലിക്കാത്ത മരാമത്തുപണി | 291133 |
| | | 2. പുഷ്പകൃഷി-അപാകത | 224700 |
| അത്രൂർ | 99-2000 | 1. തൊഴുത്ത് നിർമ്മാണം-അനർഹർക്ക് നൽകിയ തുക | 32000 |
| | | 2. തൊഴുത്ത് നിർമ്മാണം-അനർഹർക്ക് നൽകിയ തുക (എസ്.സി.പി.) | 58000 |
| ചേപ്പാട് | 99-2000 | 1. പിഴപ്പലിശ ഈടാക്കാത്തത് | 52862 |
| | | 2. റോഡ്-സർക്കാർ ഉത്തരവ് ലംഘിച്ച് പണം നൽകിയത് | 48018 |
| തണ്ണീർമുക്കം | 99-2000 | 1. പിഴപ്പലിശ അടയ്ക്കാത്തത് | 27429 |
| | | 2. വിത്ത് വിതരണ അപാകത | 32121 |
| | | 3. നെൽകൃഷി വിതരണം- അപാകത | 26789 |
| | | 4. മണ്ഡരിരോഗ നിയന്ത്രണം | 162369 |
| | | 5. ചകിരി വിതരണം-അപാകത | 32000 |
| | | 6. ധനസഹായം നൽകിയത് | 50000 |
| | | 7. മരാമത്ത് പണി- രേഖകൾ ഇല്ല | 41700 |
| ചെറുതന | 99-2000 | 1. സ്ഥലം നികത്തൽ-അധികം നൽകിയ തുക | 15762 |
| | | 2. ഇലക്ട്രിക്കൽ സാധനം വാങ്ങിയത് | 13218 |
| തലവടി | 99-2000 | 1. മൈത്രീഭവനം-അനർഹർക്ക് അടച്ച തുക | 37500 |
| | | 2. മൈത്രീഭവനം-മാനദണ്ഡമില്ലാതെ നൽകിയ തുക | 61931 |
| | | 3. മൈത്രീഭവനം-മാനദണ്ഡമില്ലാതെ നൽകിയ തുക (ജനറൽ) | 234290 |
| കൈനകരി | 99-2000 | 1. കൊതുക് നിവാരണം- ചെലവ് രേഖകൾ ഇല്ലാത്തത് | 50000 |

| | | | |
|---|---|---|---|
| | | 2. മൈത്രീഭവനം-അധികം നൽകിയ തുക | 150000 |
| | | 3. ഗുണഭോക്തൃ സമിതിക്ക് അധികം നൽകിയ തുക | 61399 |
| വെളിയനാട് | 99-2000 | 1. മരാമത്ത് പണി - രേഖകൾ ഹാജരാക്കിയില്ല | 138650 |
| | | 2. കമ്പ്യൂട്ടർ രേഖകൾ ഹാജരാക്കിയില്ല | 182000 |
| ദേവികുളങ്ങര | 99-2000 | 1. ഭൂമി കൃഷിയോഗ്യമാക്കൽ - അനർഹമായി സബ്സിഡി നൽകിയത് | 298028 |
| ഹരിപ്പാട് | 99-2000 | 1. പിഴപ്പലിശ ഈടാക്കാത്തത് | 28255 |
| | | 2. കമ്മിറ്റി തീരുമാനമില്ലാതെ ചെലവഴിച്ച തുക | 31076 |
| | | 3. വകമാറ്റി ചെലവഴിച്ചത് | 26961 |
| | | 4. ഇലക്ട്രിക്കൽ സാധനം വാങ്ങി-രേഖകൾ ലഭ്യമാക്കിയില്ല | 76065 |
| ചെറിയനാട് | 98-99 | 1. ഡ്രൈവിംഗ് പരിശീലനം - രേഖകൾ ഇല്ലാത്തത് | 40000 |
| | | 2. കാലിത്തൊഴുത്ത്-തറ കോൺക്രീറ്റ്-അപാകത | 107000 |
| ചെറിയനാട് | 99-2000 | കാലിത്തൊഴുത്തിന്റെ നിർമ്മാണ അപാകത | 94400 |
| കോടംതുരുത്ത് | 99-2000 | റോഡ് നിർമ്മാണം- പണി പൂർത്തീകരിച്ചില്ല | 37500 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.4.9-ന് ശേഷമുള്ള പട്ടിക)

പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പൊതു പരാമർശങ്ങൾ 13-5-2015-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു.

## ചുനക്കര ഗ്രാമപഞ്ചായത്ത്

പൈപ്പ് ലൈൻ-അധിക ചെലവ്- ₹ 24599/-

2. ഓഡിറ്റ് തടസ്സമായുന്നയിച്ചിട്ടുള്ള 24,599 രൂപയിൽ 14,160 രൂപ തിരിച്ച് ഈടാക്കിയിട്ടുള്ളതായും ബാക്കിയുള്ള അംഗങ്ങളെല്ലാവരും മരിച്ചുപോയിട്ടുള്ളതായും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

മൃഗാശുപത്രി കെട്ടിടം-അധികം നൽകിയത് - ₹ 48966/-

3. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് തുടർച്ചയായി ചട്ടങ്ങൾ മാറിവരുന്നതിനാൽ അന്ന് നിലവിലുണ്ടായിരുന്ന ചട്ടപ്രകാരമാണ് തുക നൽകിയതെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

അനർഹർക്ക് സബ്സിഡി - ₹ 20250/-

4. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി ഇനത്തിൽ നൽകിയ 20,250/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചീടാക്കിയതായുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കാലിത്തൊഴുത്ത് - അപാകത - ₹ 41250/-

5. പ്രസ്തുത പദ്ധതി, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം നടപ്പിലാക്കിയിട്ടുള്ളതാണെന്നും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വീഴ്ചകളുണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## നൂറനാട് ഗ്രാമപഞ്ചായത്ത്

അഡ്വാൻസ് തിരികെ വാങ്ങാത്തത് - ₹ 12233/-

6. പ്രസ്തുത പരാമർശത്തിൽ പ്രതിപാദിച്ച പ്രവൃത്തിയുടെ കൺവീനർ മരണപ്പെട്ടിട്ടുണ്ടെന്നും ടിയാന്റെ കുടുംബത്തിൽ നിന്നും തുക തിരിച്ചീടാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു ആയതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ്- ₹ 19181/-</u>

7. ഓഡിറ്റ് തടസ്സപ്പെടുത്തിയ 19,181/- രൂപ തിരിച്ചീടാക്കുന്നതിന് ഉത്തരവാദിയായ കൃഷി ഓഫീസറുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആയതിൻ പ്രകാരം തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

<u>അനാവശ്യമായി നൽകിയ കാർ വാടക - ₹ 43121/-</u>

8. അനാവശ്യമായി നൽകിയ കാർ വാടക ഇനത്തിൽ 904/- രൂപ ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശം 3.1.12 ൽ നടന്ന അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയിൽ ബാക്കിയുള്ള 42,217/- രൂപ ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്**

<u>മരാമത്ത് പണിയിലെ അപാകത - ₹ 63568/-</u>

9. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയും ഓഡിറ്റിന്റെ കുറിപ്പും സമിതി പരിഗണിച്ചു. വളരെ കാലപ്പഴക്കമുള്ളതും ഗൗരവ സ്വഭാവമില്ലാത്തതുമായ പരാമർശമായതിനാൽ ടി ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>ചെലവ് രേഖകൾ ഹാജരാക്കാത്തത് - ₹ 330000/-</u>

10. 1999-2000-ൽ നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ സഹായം നൽകിയ 9 ഗുണഭോക്താക്കൾക്ക് സ്വന്തം പേരിൽ ഭൂമി ഉണ്ടെന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല എന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. വീട് കിട്ടിയ ആളുടെ പേരിൽ ഭൂമിയില്ല എന്നതാണ് ഓഡിറ്റ് പരാമർശത്തിന് കാരണമെന്നും എന്നാൽ ഒരു കുടുംബത്തിൽ ആരുടെയെങ്കിലും പേരിൽ ഭൂമി ഉണ്ടെങ്കിൽ അവരുടെ പേരിൽ വീട് അനുവദിക്കാറുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കൂടാതെ, ടി 9 ഗുണഭോക്താക്കളെയും ഗ്രാമസഭ തിരഞ്ഞെടുത്തതാണെന്നും ഇവർ പ്രസ്തുത വീടുകളിൽ നിലവിൽ താമസിച്ചുവരികയാണെന്നും സെക്രട്ടറി അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ചിങ്ങോലി ഗ്രാമപഞ്ചായത്ത്

സാക്ഷരത - പദ്ധതിവിഹിതം വകമാറ്റി ചെലവഴിച്ചത് - ₹ 38337/-

11. ചിങ്ങോലി ഗ്രാമപഞ്ചായത്ത്, സാക്ഷരതാ കേന്ദ്രത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫർണീച്ചറുകൾ വാങ്ങുന്നതിന് തീരുമാനിക്കുകയുണ്ടായിയെന്നും എന്നാൽ 1999-2000-ൽ സാക്ഷരതാമിഷനിൽ നിന്നും സാക്ഷരതാ കേന്ദ്രങ്ങൾക്കാവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കിയെന്നും അതിനെത്തുടർന്ന് ടി തുക ഉപയോഗിച്ച്, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫർണീച്ചർ വാങ്ങുകയാണുണ്ടായതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പദ്ധതി ആരംഭിച്ച ആദ്യനാളുകളിൽ സംഭവിച്ച പാളിച്ചയായതിനാലും ടി ഫർണീച്ചറുകൾ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ടെന്ന് സർക്കാർ അറിയിച്ചിട്ടുള്ളതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കരുവാറ്റ ഗ്രാമപഞ്ചായത്ത്

റോഡ് ഗ്രാവലിംഗ് അധികനിരക്ക് - ₹ 16362/-

12. ബി.എൽ.സി. അംഗീകരിച്ച നിരക്കിലാണ് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതെന്നും അന്നത്തെ പ്രാദേശിക നിരക്കുമായി താരതമ്യം ചെയ്തതിൽ വന്ന ആശയക്കുഴപ്പമാണ് ഓഡിറ്റ് പരാമർശത്തിനിടയാക്കിയതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചത് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പിഴപ്പലിശ ഈടാക്കാത്തത് - ₹ 11743/-

13. യഥാസമയം നികുതി ഒടുക്കാത്തവരിൽനിന്നും നികുതി ഈടാക്കുമ്പോൾ പിഴപ്പലിശ ഈടാക്കാതിരുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. അടുത്ത കാലത്തായി സർക്കാർ പിഴപ്പലിശ ഒഴിവാക്കിക്കൊടുക്കാറാണ് പതിവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

താറാവ് വിതരണം - വകമാറ്റി ചെലവഴിച്ചത് - ₹ 75240/-

14. ഗുണഭോക്തൃവിഹിതമായി അടച്ച തുക വിനിയോഗിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിയത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത തുക തിരിച്ചടച്ചിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. അതിനെത്തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കമ്പ്യൂട്ടർ പരിശീലനം - അധികം നൽകിയ തുക - ₹ 23125/-

15. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പരിശീലനം നൽകി, പരിശീലനം നൽകിയ സ്ഥാപനം ആവശ്യപ്പെട്ടതിനെക്കാൾ കൂടുതൽ തുക നൽകി എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. അപാകത പരിഹരിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. കമ്പ്യൂട്ടർ പരിശീലനം ലഭിച്ച വനിതകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവരും സാമ്പത്തികമായി ദുർബലവിഭാഗത്തിൽപ്പെട്ടവരുമായിരുന്നു എന്നുമുള്ള സർക്കാർ മറുപടിയുടെയും സ്ഥാപനത്തിന് അധികമായി നൽകിയ 2625 രൂപ ഈടാക്കി അപാകത പരിഹരിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വനിതാ സ്വാശ്രയ സംഘം ലക്ഷ്യം കൈവരിച്ചില്ല - ₹ 50000/-

16. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന 13 സ്വാശ്രയ സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെന്നും മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മെതിയന്ത്രം - രസീതില്ല - ₹ 60909/-

17. പഞ്ചായത്തിൽ സൂക്ഷിച്ചിരുന്ന മെതിയന്ത്രം അടിയന്തരസാഹചര്യത്തിൽ കർഷകസംഘത്തിന് കൈമാറുകയാണുണ്ടായതെന്നും ഓഡിറ്റ് സമയത്ത് ആയതിന്റെ രശീതി ഹാജരാക്കാൻ കഴിഞ്ഞില്ലെന്നും ഇപ്പോൾ രശീതി കൈവശം ഉള്ളതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പ്രസ്തുത വിഷയം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് തടസ്സമൊഴിവാക്കുന്നതിനും സമിതി തീരുമാനിച്ചു.

## തിരുവൽവണ്ടൂർ ഗ്രാമപഞ്ചായത്ത്

പിഴപ്പലിശ ഈടാക്കാത്തത് - ₹ 123802/-

18. വിവിധ നികുതികൾ പിരിച്ചപ്പോൾ ഈടാക്കുന്നതിൽ കുറവുവന്ന പിഴപ്പലിശ ഇനത്തിൽ ആകെ 1,23,802/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിലും പിഴപ്പലിശ ഒഴിവാക്കുവാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മുൻകൂർ നൽകിയ പണി പൂർത്തീകരിക്കാത്തത് - ₹ 73218/-

19. ഒരേ റോഡ് പ്രവൃത്തിക്ക് 2 പേർക്ക് മുൻകൂർ തുക നൽകിയിട്ടും പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, പ്രസ്തുത റോഡ്

പണിപൂർത്തീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമയത്ത് രേഖകൾ ഹാജരാക്കിയിരുന്നില്ലെന്നും ഇപ്പോൾ രേഖകൾ കണ്ടെത്തിയിട്ടുണ്ടെന്നും റോഡ് ഗതാഗതയോഗ്യമാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു പ്രസ്തുത വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്നപക്ഷം തടസ്സമൊഴിവാക്കുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കിണർ നിർമ്മാണം - അപാകത - ₹ 148524/-

20. കിണർ നിർമ്മാണ പ്രോജക്ടിൽ പദ്ധതി വിഭാവനം ചെയ്ത പ്രകാരം ഗുണഭോക്താക്കൾക്ക് നൽകാതെ സ്വകാര്യ വ്യക്തികൾക്ക് 1,48,524/- രൂപ നൽകിയത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ചെറുകിട കർഷകർക്കും പട്ടികജാതിക്കാർക്കുമാണ് കിണർ അനുവദിച്ചിരുന്നതെന്നും അവർക്ക് പ്രസ്തുത പ്രവൃത്തി നടത്താൻ ശേഷിയില്ലെന്ന് അറിയിച്ചതിനാലാണ് സ്വകാര്യവ്യക്തികളെ ഏൽപ്പിച്ചതെന്നും എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നടത്തിയതെന്നും എം. ബുക്ക് ഹാജരാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി. എം. ബുക്കും മറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന പക്ഷം തടസ്സം ഒഴിവാക്കുന്നതിനും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ചുറ്റുമതിൽ നിർമ്മാണം - ₹ 69582/-

21. തിരുവൻവണ്ടൂർ ഗവ. എൽ.പി.സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച എം.ബുക്ക് പരിശോധനാ സമയത്ത് ഹാജരാക്കാഞ്ഞതുമൂലമായിരുന്നു ഓഡിറ്റ് പരാമർശമുണ്ടായതെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു എം.ബുക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നമുറയ്ക്ക് തടസം ഒഴിവാക്കുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## പത്തിയൂർ ഗ്രാമപഞ്ചായത്ത്

കൃഷി - ഗുണഭോക്തൃ വിഹിതം ഈടാക്കാത്തത് - ₹ 19985/-

22. പദ്ധതിയിൽ 50% സബ്സിഡിയാണ് നേരത്തെ തീരുമാനിച്ചിരുന്നതെന്നും എന്നാൽ പിന്നീട് വന്ന മാർഗ്ഗരേഖയിൽ 100% സബ്സിഡി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നതിനാലാണ് ഗുണഭോക്തൃവിഹിതം ഈടാക്കാഞ്ഞതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം നൽകി. അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

അധിക സബ്സിഡി വിതരണം - ₹ 40213/-

23. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് നേരത്തേ ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**രാമങ്കരി ഗ്രാമപഞ്ചായത്ത്**

പദ്ധതി നിർവ്വഹണം - അധികം ചെലവഴിച്ചത് - ₹ 20254/-

24. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് നേരത്തേ ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സ്കൂൾ - മണ്ണ് ഫില്ലിംഗ്- ₹ 12767/-

25. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് നേരത്തെ ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത്**

ഉഴവ് യന്ത്രം - വാടക സംബന്ധിച്ച് - ₹ 125995/-

26. ഉഴവ് യന്ത്രം രണ്ട് പേർക്കായിട്ടായിരുന്നു നൽകിയിരുന്നതെന്നും മണിക്കൂറിന് 80/- രൂപയാണ് ഇതിന്റെ വാടകയെന്നും ഉഴവുയന്ത്രം പഞ്ചായത്ത് പ്രസിഡന്റിന്റെ വീട്ടിൽ സൂക്ഷിച്ചിരിക്കുകയായിരുന്നുവെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. മണിക്കൂറിന് 80/- രൂപയാണ് വാടകയെങ്കിൽ ഒരു ദിവസം 8 മണിക്കൂർ ജോലി എന്ന കണക്കിൽ 640 രൂപയാണ് വാടകയിനത്തിൽ ഈടാക്കേണ്ടതെന്നും ഓഡിറ്റ് റിപ്പോർട്ടിൽ 6400/-രൂപ വാടകയിനത്തിൽ ലഭിക്കേണ്ടതായിരുന്നു എന്ന് പറഞ്ഞിരിക്കുന്നതിന്റെ കാരണമെന്താണെന്നും സമിതി ആരാഞ്ഞു. പത്ത് ദിവസത്തേക്കുള്ള കണക്കാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് ഓഡിറ്റ് ഡയറക്ടർ വ്യക്തമാക്കി. പതിനഞ്ച് വർഷം മുമ്പുള്ള വിഷയമായതിനാലും ദിവസേന 8 മണിക്കൂർ വീതം 10 ദിവസം ഉഴവ് യന്ത്രം പ്രവർത്തിക്കേണ്ടതായിരുന്നു എന്ന് അനുമാനിക്കുന്നത് യുക്തിസഹമല്ലാത്തതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വോട്ടർ പട്ടിക അധിക നിരക്ക് - ₹ 39085/-

27. വളരെ തിരക്കുള്ള തെരഞ്ഞെടുപ്പ് സമയത്ത് കുറഞ്ഞ നിരക്കിൽ വോട്ടർ പട്ടിക അച്ചടിച്ച് കിട്ടുകയില്ല എന്ന് അഭിപ്രായപ്പെട്ട സമിതി ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

റെഡിമെയ്ഡ് യൂണിറ്റ്- ₹ 126375/-

28. പരാമർശവിധേയമായ റെഡിമെയ്ഡ് യൂണിറ്റുകൾ 5 വർഷം പ്രവർത്തിച്ചിരുന്നുവെന്നും അതിൽ 3 യൂണിറ്റുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

25,500/- രൂപ വീതമായിരുന്നു ഓരോ യൂണിറ്റിനും നൽകിയിരുന്നതെന്നും അത് അനുവദിക്കാവുന്ന സബ്സിഡിയിലും കൂടുതലായിരുന്നു എന്നതായിരുന്നു ആദ്യം ഉന്നയിച്ച ഓഡിറ്റ് തടസ്സമെന്നും അതിന് തൃപ്തികരമായ മറുപടി നൽകിയതിനെത്തുടർന്ന് പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയെന്നും യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല എന്ന പരാമർശം മാത്രമാണ് ഇപ്പോൾ നിലവിലുള്ളതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>പമ്പ് സെറ്റ് വിതരണം- ₹ 21450/-</u>

29. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമായിരുന്നു പമ്പ് സെറ്റുകൾ വാങ്ങിച്ചതെന്നും പമ്പ്സെറ്റുകൾ ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>കുഴൽക്കിണർ വിതരണം - ₹ 16275/-</u>

30. 75 പേർക്ക് 50% സബ്സിഡി നൽകികൊണ്ട് കുഴൽക്കിണർ നൽകുന്നതിനായിരുന്നു തീരുമാനിച്ചിരുന്നതെന്നും എന്നാൽ ഗ്രാമസഭ അംഗീകരിച്ച പട്ടികയിലുണ്ടായിരുന്നവരിൽ 50 പേർ മാത്രമേ ഇതിന് തയ്യാറായുള്ളൂ എന്നും അതിനാൽ അതേ അർഹതാമാനദണ്ഡമുള്ള 25 പേർക്കുകൂടി കുഴൽക്കിണർ നൽകാൻ പഞ്ചായത്ത് തീരുമാനിക്കുകയാണുണ്ടായതെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പിന്നീട് നടന്ന ഗ്രാമസഭയിൽ വച്ചെങ്കിലും പ്രസ്തുത നടപടി സാധൂകരിക്കേണ്ട തായിരുന്നുവെന്നും ഗ്രാമസഭയെ ഒഴിവാക്കാനുള്ള ഒരു ശ്രമമാണ് നടന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. പഞ്ചായത്തിന്റെ നടപടി തീരെ ഉചിതമായില്ലെന്നഭിപ്രായപ്പെട്ട സമിതി ഗ്രാമസഭയെ വെറും നോക്കുകുത്തിയായി കണക്കാക്കിയ പഞ്ചായത്തിന്റെ നടപടിയെ നിശിതമായി വിമർശിച്ചു. ഇത്തരം പ്രവൃത്തികൾ മേലിൽ ആവർത്തിക്കരുതെന്ന താക്കീതോടുകൂടി പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്**

<u>ചെലവ് വിവരം ഇല്ല - ₹ 61448/-</u>

31. ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് 2011-ൽ ആർ.ആർ. നടപടി സ്വീകരിച്ചിരുന്നുവെന്നും അതിൽ സാങ്കേതിക പിഴവ് വന്നതുകൊണ്ട് 2015-ൽ വീണ്ടും നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 1999-2000 വർഷം നടന്ന ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടിന് നീണ്ട 11 വർഷങ്ങൾക്കുശേഷം

2011-ൽ മാത്രമാണ് പ്രാരംഭ നടപടി സ്വീകരിച്ചതെന്ന് നിരീക്ഷിച്ച സമിതി വീണ്ടും 5 വർഷങ്ങൾക്ക് ശേഷം തെളിവെടുപ്പ് നോട്ടീസ് ലഭിച്ച ശേഷം മാത്രമാണ് ആർ.ആർ. നടപടി സ്വീകരിക്കുന്നതിന്റെ തുടർ നടപടി എടുത്തിട്ടുള്ളതെന്നും അഭിപ്രായപ്പെട്ടു. ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ അസാധാരണ കാലതാമസം ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തി. ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ തുടങ്ങിയ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിനും അതോടൊപ്പം നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭവനം - അനർഹർക്ക് നൽകിയ തുക - ₹ 72000/-

32. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതാണ് പരാമർശവിഷയമെന്ന് നിരീക്ഷിച്ച സമിതി ഗ്രാമസഭയെ ഒഴിവാക്കുന്ന പ്രവണത മേലിൽ ആവർത്തിക്കരുതെന്ന താക്കീതോടെ തടസ്സമൊഴിവാക്കാൻ തീരുമാനിച്ചു.

നടപ്പാത നിർമ്മാണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല -₹ 50923/-

33. നടപ്പാത നിർമ്മാണത്തിന് ആവശ്യമായ പൈപ്പ് വാങ്ങിയതിന്റെ ചെലവ് രേഖകൾ മുഴുവൻ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പ്രവൃത്തി നന്നായി നടത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിനും ലഭ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

കൃഷി - മോട്ടോർ വാങ്ങിയതിലെ അപാകത- ₹ 54920/-

34. ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റവന്യൂറിക്കവറി പ്രകാരം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു. പ്രസ്തുത റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**വയലാർ ഗ്രാമപഞ്ചായത്ത്**

കൃഷി - ചെലവ് രേഖകൾ ഹാജരാക്കാത്തത്- ₹ 15070/-

35. യഥാർത്ഥ ഗുണഭോക്താക്കൾക്ക് കശുമാവിൻ തൈകൾ വിതരണം ചെയ്തില്ലെന്ന പരാമർശത്തെക്കുറിച്ച് വിശദീകരണം ആരാഞ്ഞതിന് ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് തന്നെയാണ് വിതരണം ചെയ്തതെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. ആവശ്യമായ ചെലവ് രേഖകൾ ഹാജരാക്കാത്തതിനെക്കുറിച്ചുള്ള

ചോദ്യത്തിന് മറുപടിയായി ഓഡിറ്റ് നടന്ന സമയത്ത് അന്നത്തെ കൃഷി ഓഫീസർ രേഖകൾ ഹാജരാക്കിയിരുന്നതായി മുൻ സെക്രട്ടറി അറിയിച്ചു. കൂടാതെ, ചെലാൻ അടച്ച് ബോധ്യപ്പെടുത്തിയിട്ടുള്ളതായും പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു ഇത് സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## പാലമേൽ ഗ്രാമപഞ്ചായത്ത്

കാർഷിക പദ്ധതിയിലെ അപാകതകൾ - ₹ 122004/-

36. കിണർ നിർമ്മാണത്തിന് 4500/- രൂപ വീതം 10 പേർക്ക് ആനുകൂല്യം നൽകുന്നതിന് പകരം 3000/- രൂപ വീതം 15 പേർക്ക് വിതരണം ചെയ്തു, കിണർ നിർമ്മിച്ചതിന് വാല്യുവേഷൻ പോലുമില്ലാതെ തുക നൽകി തുടങ്ങിയ ഓഡിറ്റ് പരാമർശങ്ങളെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞതായി സെക്രട്ടറി (ഇൻചാർജ്) വിശദീകരിച്ചു. അവശേഷിക്കുന്ന തുക കൂടി ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വിനോദ നികുതി - സമാന്തര ടിക്കറ്റ് വിറ്റത് - ₹ 65748/-

37. പ്രസ്തുത പരാമർശം ലോക്കൽഫണ്ട് ഓഡിറ്റ് അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി (ഇൻചാർജ്) അറിയിച്ചു. അപ്രകാരം അദാലത്തിൽ വച്ച് ഒഴിവാക്കിയതാണെങ്കിൽ അത് ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം തുക ഈടാക്കി റിപ്പോർട്ട് നൽകണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മാന്നാർ ഗ്രാമപഞ്ചായത്ത്

സർക്കാർ നിബന്ധന പാലിക്കാത്ത മരാമത്ത് പണി - ₹ 291133/-

38. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് നേരത്തെ ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പുഷ്പകൃഷി അപാകത - ₹ 224700/-

39. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് നേരത്തേ ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### അങ്കൂർ ഗ്രാമപഞ്ചായത്ത്

തൊഴുത്ത് നിർമ്മാണം - അനർഹർക്ക് നൽകിയ തുക - ₹ 32000/-

40. കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നും ചിലരെ ഒഴിവാക്കി പകരം ഗുണഭോക്തൃ ലിസ്റ്റിലോ വെയിറ്റിംഗ് ലിസ്റ്റിലോ ഉൾപ്പെടാത്ത 16 പേർക്ക് 2000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിയതുവഴി നഷ്ടമുണ്ടായ 32,000/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റെ പക്കൽ നിന്നും ഈടാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നുവെങ്കിലും അന്നത്തെ പ്രസിഡന്റ് മരണപ്പെട്ടതായും ടിയാന്റെ കുടുംബം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെന്നും സെക്രട്ടറി അറിയിച്ചു. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

തൊഴുത്ത് നിർമ്മാണം - അനർഹർക്ക് നൽകിയ തുക (എസ്.സി.പി.) - ₹ 58000/-

41. കാലിത്തൊഴുത്ത് നിർമ്മാണം (എസ്.സി.പി.) പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ 21 പേർ ഉൾപ്പെട്ടതിൽ നിന്നും ഉള്ള ഗുണഭോക്താക്കളെ ഒഴിവാക്കി അനർഹരായ 19 പേർക്ക് 2000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിയതുവഴി നഷ്ടമായ 38000/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റെ പക്കൽ നിന്നും ഈടാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നുവെങ്കിലും അന്നത്തെ പ്രസിഡന്റ് മരണപ്പെട്ടതായും ടിയാന്റെ കുടുംബം സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ആണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു കാലിത്തൊഴുത്ത് നിർമ്മിച്ചിട്ടുള്ളതായും അദ്ദേഹം കൂട്ടിച്ചേർത്തു. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### ചേപ്പാട് ഗ്രാമപഞ്ചായത്ത്

പിഴപ്പലിശ ഈടാക്കാത്തത് - ₹ 52862/-

42. തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഇനത്തിൽ പിഴപ്പലിശ ഈടാക്കാതിരുന്നതുമൂലം 52,862/- രൂപ നഷ്ടമുണ്ടായെങ്കിലും പിഴപ്പലിശ ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ, പ്രസ്തുത പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

റോഡ് - സർക്കാർ ഉത്തരവ് ലംഘിച്ച് പണം നൽകിയത് - ₹ 48018/-

43. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 30% അധികം തുക നൽകുകയാണ് ഗുണഭോക്തൃ സമിതി ചെയ്തിരിക്കുന്നതെന്നും ഇത് തെറ്റായ നടപടിയാണെങ്കിലും റോഡ് ഇപ്പോഴും നല്ല രീതിയിലാണ് എന്ന്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഗുണഭോക്തൃ സമിതികൾ ലാഭമുണ്ടാക്കാതെ പ്രവർത്തിക്കണമെന്നാണ് ഉദ്ദേശിക്കുന്നതെന്നും അധികം നൽകിയ തുക തിരിച്ചീടാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. 30% അധികം നൽകുന്നതിന് സർക്കാർ ഉത്തരവുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പ്രസ്തുത സർക്കാർ ഉത്തരവ് ഓഡിറ്റിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിച്ചു. ഓഡിറ്റിന് ബോധ്യപ്പെടുന്നപക്ഷം തടസ്സമൊഴിവാക്കുന്നതിനും അല്ലാത്തപക്ഷം. അധികം നൽകിയ തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

<u>പിഴപ്പലിശ അടയ്ക്കാത്തത് - ₹ 27429/-</u>

44. പിഴപ്പലിശ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>വിത്ത് വിതരണ അപാകത - ₹ 32121/-</u>

45. പ്രസ്തുത പരാമർശം ഓഡിറ്റ് അദാലത്തിൽ ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>നെൽകൃഷി വിതരണം - അപാകത - ₹ 26789/-</u>

46. പ്രസ്തുത പരാമർശം ഓഡിറ്റ് അദാലത്തിൽ ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>മണ്ഡരി രോഗ നിയന്ത്രണം - ₹ 162369/-</u>

47. പ്രസ്തുത പരാമർശം ഓഡിറ്റ് അദാലത്തിൽ ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>ചകിരി വിതരണം - അപാകത - ₹ 32000/-</u>

48. പ്രസ്തുത ഓഡിറ്റ് പരാമർശം അദാലത്തിൽ ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ധനസഹായം നൽകിയത് - ₹ 50000/-

49. പ്രസ്തുത ഓഡിറ്റ് പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

മരാമത്ത് പണി - രേഖകൾ ഇല്ല - ₹ 41700/-

50. പ്രസ്തുത പരാമർശം അദാലത്തിൽ ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സമൊഴി വാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**ചെറുതന ഗ്രാമപഞ്ചായത്ത്**

സ്ഥലം നികത്തൽ - അധികം നൽകിയ തുക - ₹ 15762/-

51. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഇലക്ട്രിക്കൽ സാധനം വാങ്ങിയത് - ₹ 13218/-

52. പ്രസ്തുത ഓഡിറ്റ് പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**തലവടി ഗ്രാമപഞ്ചായത്ത്**

മൈത്രീഭവനം - അനർഹർക്ക് അടച്ച തുക - ₹ 37500/-

53. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. 1999-2000 സാമ്പത്തിക വർഷത്തിൽ 20 പട്ടികജാതി കുടുംബങ്ങൾക്ക് മൈത്രീഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നതിനായി 2,50,000/- രൂപ ഹൗസിംഗ് ബോർഡിൽ അടച്ചുവെന്നും അതിൽ 17 പേർ മാത്രമേ ആനുകൂല്യം കൈപ്പറ്റിയുള്ളുവെന്നും ഭൂമിയുടെ രേഖകളും മറ്റും ശരിയാകാതിരുന്നതിനാൽ 3 പേർ ആനുകൂല്യം കൈപ്പറ്റിയില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു ടി 3 പേർക്കായി അടച്ച വിഹിതമായ 37,500/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നാണ് ഓഡിറ്റ് പരാമർശമെന്നും ഹൗസിംഗ് ബോർഡിനെ ഇക്കാര്യം അറിയിച്ചപ്പോൾ ഫണ്ട് വരുന്ന മുറയ്ക്ക് തിരികെ തന്നുകൊള്ളാമെന്ന് മറുപടി നല്കിയിട്ടുള്ളതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതുപോലെ വേറെയും കേസ്സുകളുണ്ടെന്നും ഹൗസിംഗ് ബോർഡിൽ നിന്നും

തുക തിരികെ ലഭിച്ചാലും പഞ്ചായത്തിന് അത് ഉപയോഗിക്കാനാവില്ലെന്നും സർക്കാരിലേക്ക് അടയ്ക്കാനേ പറ്റുകയുള്ളൂ എന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

54. പഞ്ചായത്ത് ഹൗസിംഗ് ബോർഡിൽ തുക അടച്ചിട്ടുണ്ടെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. അപ്രകാരം ബോധ്യപ്പെടുത്തിയിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>മൈത്രീഭവനം - മാനദണ്ഡമില്ലാതെ നൽകിയ തുക - ₹ 6193/-</u>

55. ഹൗസിംഗ് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ വീട് നിർമ്മിക്കുന്നതിന് 28,000/- രൂപ അപര്യാപ്തമായതിനാലാണ് 3,643/- രൂപ അധികമായി അനുവദിച്ചതെന്നും അത് ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

<u>മൈത്രീഭവനം - മാനദണ്ഡമില്ലാതെ നൽകിയ തുക (ജനറൽ) - ₹ 234290/-</u>

56. പദ്ധതി മാനദണ്ഡപ്രകാരം 50% (6,250/-രൂപ) ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതിന് പകരം 392.25 രൂപ മാത്രം ഈടാക്കിയതിനെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ജനങ്ങൾ അധികവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമായതിനാലാണ് സബ്സിഡി ഇനത്തിൽ തുക അധികം നൽകിയതെന്നും കൂടാതെ, ഇതിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കൈനകരി ഗ്രാമപഞ്ചായത്ത്

<u>കൊതുക് നിവാരണം - ചെലവ് രേഖകൾ ഇല്ലാത്തത് - ₹ 50000/-</u>

57. കൊതുക് നിവാരണം സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറിയത് കാരണം ചെലവ് രേഖകൾ മുഴുവൻ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും പി.എച്ച്.സിയിൽ നിന്നുള്ള രേഖകളാണ് കാണാതായത് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൊതുകുനിവാരണത്തിനായി 50,000/- രൂപ പിൻവലിച്ചത് അന്ന് സാക്ഷരതാ പ്രേരക് ആയി ജോലി ചെയ്തിരുന്ന ശ്രീമതി

ബിജിമോളുടെ പേരിലായിരുന്നുവെന്നും പരാമർശകാലയളവിൽ കൈനകരി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മലമ്പനിയും ജപ്പാൻ ജ്വരവും മറ്റും പടർന്നുപിടിച്ചിരുന്നുവെന്നും ഇതിന്റെ പ്രതിരോധത്തിന് മാത്രമായിട്ടാണ് ഈ തുക ചെലവഴിക്കപ്പെട്ടതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിച്ചു പ്രസ്തുത വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>മൈത്രീഭവനം - അധികം നൽകിയ തുക - ₹ 150000/-</u>

58. കൈനകരി ഗ്രാമപഞ്ചായത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിന് വേണ്ടിയാണ് ടി തുക ചെലവഴിക്കപ്പെട്ടതെന്നും ഇതുമൂലം മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് ഭവനം ആർജ്ജിക്കാനായി എന്നുമുള്ള സർക്കാർ മറുപടിയുടെയും വീടുകൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>ഗുണഭോക്തൃ സമിതിക്ക് അധികം നൽകിയ തുക - ₹ 61399/-</u>

59. കൈനകരി പഞ്ചായത്ത് പോലെയുള്ള കുട്ടനാടൻ പ്രദേശങ്ങളിൽ, സാധനസാമഗ്രികൾ സൈറ്റിലെത്തിക്കുന്നതിന് വളരെയധികം പ്രയാസവും കൂലിച്ചെലവും വേണ്ടിവരുന്ന സാഹചര്യമാണെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**വെളിയനാട് ഗ്രാമപഞ്ചായത്ത്**

<u>മരാമത്ത്പണി - രേഖകൾ ഹാജരാക്കിയില്ല - ₹ 138650/-</u>

60. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്ന സർക്കാർ മറുപടി പരിഗണിച്ച സമിതി ഇത് 1999-2000 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടാണെന്നും വളരെയധികം കാലപ്പഴക്കമുള്ളതും ഗൗരവസ്വഭാവമില്ലാത്തതുമായ ഇത്തരം പരാമർശങ്ങൾ ഒഴിവാക്കാമെന്ന് അഭിപ്രായപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>കമ്പ്യൂട്ടർ - രേഖകൾ ഹാജരാക്കിയില്ല - ₹ 182000/-</u>

61. വളരെയധികം കാലപ്പഴക്കമുള്ളതും ഗൗരവസ്വഭാവമില്ലാത്തതുമായ പരാമർശമായതിനാൽ, പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്**

ഭൂമി കൃഷിയോഗ്യമാക്കൽ - അനർഹമായി സബ്സിഡി നൽകിയത്- ₹ 298028/-

62. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ടി തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഹരിപ്പാട് ഗ്രാമപഞ്ചായത്ത്**

തൊഴിൽനികുതി പിഴപ്പലിശ ഈടാക്കാത്തത് - ₹ 28255/-

63. പിഴപ്പലിശ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കമ്മിറ്റി തീരുമാനമില്ലാതെ ചെലവഴിച്ച തുക - ₹ 31076/-

64. കമ്മിറ്റി തീരുമാനമില്ലാതെ ചെലവഴിച്ച തുകയായി ഓഡിറ്റ് പരാമർശിച്ചിട്ടുള്ള 31,076/- രൂപയുൾപ്പെടെ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിച്ചിട്ടുള്ള 3,35,512/- രൂപ ആർ.ആർ. പ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 24,937/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും ആർ.ആർ. നടപടിക്കെതിരെ ടിയാൻ ട്രൈബ്യൂണലിൽ (SAT തിരുവനന്തപുരം) കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ കേസ് സംബന്ധിച്ച നടപടിക്രമങ്ങൾ അവസാനിച്ച ശേഷം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു. കേസിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെടാനും സമിതി തീരുമാനിച്ചു

വകമാറ്റി ചെലവഴിച്ചത് - ₹ 26961/-

65. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഇലക്ട്രിക്കൽ സാധനം വാങ്ങി - രേഖകൾ ലഭ്യമാക്കിയില്ല - ₹ 76065/-

66. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ടി തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### ചെറിയനാട് ഗ്രാമപഞ്ചായത്ത്

ഡ്രൈവിംഗ് പരിശീലനം - രേഖകൾ ഇല്ലാത്തത് -₹ 40000/-

67. പദ്ധതിപ്പണം ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഇല്ലാത്തതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 40,000/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി തിരിച്ചടച്ചതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കാലിത്തൊഴുത്ത് - തറകോൺക്രീറ്റ് - അപാകത - ₹ 107000/-

68. പദ്ധതി നടപ്പിലായപ്പോൾ, പശുവളർത്തൽ ഇല്ലാത്തവർ അപേക്ഷ തന്നതായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനയിൽ മനസ്സിലാക്കിയതിനാൽ, ഗ്രാമസഭ അംഗീകരിച്ചവരും പശുവളർത്തൽ ഉള്ളതുമായ ഗുണഭോക്താക്കളെ പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകുകയാണ് ചെയ്തതെന്നും ടി ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ ബന്ധപ്പെട്ട കാലയളവിലെ പ്രസിഡന്റ് മരണപ്പെട്ടതായും സെക്രട്ടറി വിരമിച്ചതായും സർക്കാർ റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കാലിത്തൊഴുത്തിന്റെ നിർമ്മാണ അപാകത - ₹ 94400/-

69. സർക്കാർ ലഭ്യമാക്കിയ മറുപടി പരിഗണിച്ച് സമിതി പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

### കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

റോഡ് നിർമ്മാണം -പണി പൂർത്തീകരിച്ചിട്ടില്ല - ₹ 37500/-

70. റോഡ് നിർമ്മാണത്തിന് മൊബിലൈസേഷൻ അഡ്വാൻസ്, സെക്യേർഡ് അഡ്വാൻസ് എന്നീ ഇനങ്ങളിലായി 37,500/- രൂപ കൈപ്പറ്റിയിട്ടും പണി പൂർത്തികരിക്കാത്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പ്രവൃത്തിയുടെ കൺവീനർ മരിച്ചുപോയെന്നും കുടുംബം കടക്കെണിയിലാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരിക യാണെന്നും ടിയാന്റെ വസ്തുവിന്മേൽ പ്രസ്തുത തുക അറ്റാച്ച് ചെയ്തിരിക്കുകയാണെന്നുമുള്ള സർക്കാർ റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ആർ.ആർ.നടപടി നിർത്തിവെക്കുന്ന തിനും ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിനും ശിപാർശ ചെയ്യാൻ തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

### ചുനക്കര ഗ്രാമപഞ്ചായത്ത്

**പൈപ്പ് ലൈൻ-അധിക ചെലവ് - ₹ 24599/-**

71. ഓഡിറ്റ് തടസ്സമായുന്നയിച്ചിട്ടുള്ള 24,599 രൂപയിൽ 14,160 രൂപ തിരിച്ചീടാക്കിയിട്ടുള്ളതായും നഷ്ടത്തിന് ഉത്തരവാദികളായ ബാക്കിയുള്ള അംഗങ്ങൾ മരിച്ചുപോയതായുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**മൃഗാശുപത്രി കെട്ടിടം - അധികം നൽകിയത് - ₹ 48966/-**

72. ജനകീയാസൂത്രണ പദ്ധതികളുടെ പ്രാരംഭഘട്ടത്തിൽ തുടർച്ചയായി നിരവധി ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നുവെന്നും മൃഗാശുപത്രി കെട്ടിടത്തിന് അധികം തുക നൽകിയത് അന്ന് നിലവിലുണ്ടായിരുന്ന ചട്ടപ്രകാരമായിരുന്നു എന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**അനർഹർക്ക് സബ്സിഡി - ₹ 20250/-**

73. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി ഇനത്തിൽ നൽകിയ 20,250/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചീടാക്കിയതായുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കാലിത്തൊഴുത്ത് - അപാകത - ₹ 41250/-**

74. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വീഴ്ചകളുണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ നല്കിയ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### നൂറനാട് ഗ്രാമപഞ്ചായത്ത്

**അഡ്വാൻസ് തിരികെ വാങ്ങാത്തത് - ₹ 12233/-**

75. പരാമർശത്തിൽ പ്രതിപാദിച്ച പ്രവൃത്തിയുടെ കൺവീനർ മരണപ്പെട്ടുവെന്നും ടിയാന്റെ കുടുംബാംഗങ്ങളിൽ നിന്നും പ്രസ്തുത തുക തിരിച്ചീടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നുമുള്ള സർക്കാർ മറുപടിയുടെയടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് - ₹ 19181/-</u>

76. മോട്ടോർ തറ നിർമ്മിക്കാതെയും ഗുണഭോക്തൃ സമിതി ചേരാതെയും മോട്ടോർ വാങ്ങിയതിന് ഓഡിറ്റ് തടസ്സപ്പെടുത്തിയ 19,181/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ആർ. ആർ. മുഖേന ഈടാക്കുന്നതിന് ആരംഭിച്ച നടപടികൾ പൂർത്തീകരിച്ച് ഇക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>അനാവശ്യമായി നൽകിയ കാർ വാടക - ₹ 43121/-</u>

77. ഈയിനത്തിൽ ഖണ്ഡിക 17(1) പ്രകാരമുള്ള പരാമർശമായ 904/- രൂപ 3-1-2012-ൽ നടന്ന അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്നതിനാൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴിവാക്കുന്നതിനും ടി ഇനത്തിൽ അവശേഷിക്കുന്ന [ഖണ്ഡിക 17(2-20)] 42,217/-രൂപ ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

<u>മരാമത്ത് പണിയിലെ അപാകത - ₹ 63568/-</u>

78. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയും ഓഡിറ്റിന്റെ കുറിപ്പും തെളിവെടുപ്പുവേളയിൽ സമിതി പരിഗണിക്കുകയുണ്ടായി. വളരെയേറെ കാലപ്പഴക്കമുള്ളതും ഗൗരവ സ്വഭാവമില്ലാത്തതുമായ പരാമർശമെന്ന നിലയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ചെലവ് രേഖകൾ ഹാജരാക്കാത്തത് - ₹ 330000/-</u>

79. പഞ്ചായത്ത് 1999-2000-ൽ നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ വീട് അനുവദിച്ച വ്യക്തിയുടെ പേരിൽ ഭൂമിയുണ്ടായിരുന്നില്ല എന്നതാണ് പരാമർശ വിഷയമെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ ഒരു കുടുംബത്തിൽ ആരുടെയെങ്കിലും പേരിൽ ഭൂമിയുണ്ടെങ്കിൽ ആ കുടുംബത്തിലെ ഒരു അംഗത്തിന്റെ പേരിൽ വീട് അനുവദിക്കാറുണ്ടെന്നും ടി ഗുണഭോക്താക്കളെയെല്ലാം ഗ്രാമസഭ തിരഞ്ഞെടുത്തതാണെന്നും വീട് അനുവദിച്ചവരെല്ലാം നിലവിൽ പ്രസ്തുത വീടുകളിൽ താമസിച്ചുവരികയാണെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ചിങ്ങോലി ഗ്രാമപഞ്ചായത്ത്**

**സാക്ഷരത-പദ്ധതിവിഹിതം വകമാറ്റി ചെലവഴിച്ചത്-₹ 38337/-**

80. സാക്ഷരതാ കേന്ദ്രത്തിന് ഫർണിച്ചറുകൾ വാങ്ങാൻ ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയതിനുശേഷം സാക്ഷരതാമിഷനിൽ നിന്നും സാക്ഷരതാ കേന്ദ്രങ്ങൾക്ക് ആവശ്യമായ ഫർണിച്ചറുകൾ ലഭിച്ചെന്നും എന്നാൽ ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് മുൻ തീരുമാന പ്രകാരം തന്നെ ഫർണിച്ചർ വാങ്ങുകയാണുണ്ടായതെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതി ആരംഭിച്ച ആദ്യനാളുകളിൽ സംഭവിച്ച പാളിച്ചയായതിനാലും ടി ഫർണിച്ചറുകൾ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ടെന്ന് സർക്കാർ അറിയിച്ചിട്ടുള്ളതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കരുവാറ്റ ഗ്രാമപഞ്ചായത്ത്**

**റോഡ് ഗ്രാവലിംഗ് - അധിക നിരക്ക് - ₹ 16362/-**

81. ബി. എൽ. ഇ. സി. അംഗീകരിച്ച നിരക്കിലാണ് പ്രസ്തുത റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതെന്നും അന്നത്തെ പ്രാദേശിക നിരക്കുമായി താരതമ്യം ചെയ്തതിൽ വന്ന ആശയക്കുഴപ്പമാണ് ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയതെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ മറുപടി ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**പിഴപ്പലിശ ഈടാക്കാത്തത് -₹ 11743/-**

82. പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**താറാവ് വിതരണം - വകമാറ്റി ചെലവഴിച്ചത് - ₹ 75240/-**

83. ഗുണഭോക്തൃ വിഹിതമായി അടച്ച തുക വിനിയോഗിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചതായുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കമ്പ്യൂട്ടർ പരിശീലനം - അധികം നൽകിയ തുക - ₹ 23125/-**

84. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പരിശീലനത്തിന് തുക ചെലവഴിച്ചതും പരിശീലനം നൽകിയ സ്ഥാപനം ആവശ്യപ്പെട്ടതിനേക്കാൾ

അധികമായി തുക നൽകിയതും പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകളായി സമിതി കണക്കാക്കുന്നു. എങ്കിലും, പരിശീലനം ലഭിച്ച വനിതകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരാണെന്നും വിവര സാങ്കേതിക വിദ്യ ജനകീയമാക്കുന്നതിന് സഹായിച്ച ഒരു പദ്ധതിയെന്ന നിലയിൽ ടി വീഴ്ച മാപ്പാക്കി നൽകണമെന്ന സർക്കാർ റിപ്പോർട്ടിന്റെയും, സ്ഥാപനത്തിന് അധികമായി നല്കിയ തുക 2625 രൂപ ഈടാക്കിയിട്ടുണ്ടെന്ന പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>വനിതാ സ്വാശ്രയ സംഘം ലക്ഷ്യം കൈവരിച്ചില്ല - ₹ 50000/-</u>

85. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന 13 സ്വാശ്രയ സംഘങ്ങളും നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നുവെന്നും അനുവദിച്ച മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>മെതിയന്ത്രം - രസീതില്ല - ₹ 60909/-</u>

86. പഞ്ചായത്തിൽ സൂക്ഷിച്ചിരുന്ന മെതിയന്ത്രം കർഷക സംഘത്തിന് കൈമാറിയതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

<u>പിഴപ്പലിശ ഈടാക്കാത്തത് -₹ 123802/-</u>

87. പിഴപ്പലിശ ഈടാക്കുന്നത് ഒഴിവാക്കുന്നതിന് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>മുൻകൂർ നൽകിയ പണി പൂർത്തീകരിക്കാത്തത് - ₹ 73218/-</u>

88. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

കിണർ നിർമ്മാണം - അപാകത -₹ 148524/-

89. കിണർ നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ ചെറുകിട കർഷകരും പട്ടികജാതിക്കാരുമായിരുന്നുവെന്നും അവർക്ക് പ്രസ്തുത പ്രവൃത്തി നടത്താൻ ശേഷിയില്ലെന്ന് അറിയിച്ചതിനാലാണ് സ്വകാര്യവ്യക്തികളെ ഏല്പിച്ചതെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കും മറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ചുറ്റുമതിൽ നിർമ്മാണം - ₹ 69582/-

90. ഗവ. എൽ.പി.സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ എം.ബുക്ക് ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്നപക്ഷം തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

പത്തിയൂർ ഗ്രാമപഞ്ചായത്ത്

കൃഷി-ഗുണഭോക്തൃവിഹിതം ഈടാക്കാത്തത് - ₹ 19985/-

91. പദ്ധതിക്ക് 50% സബ്സിഡി നൽകുന്നതിന് ആദ്യം തീരുമാനിച്ചിരുന്നെങ്കിലും പിന്നീട് വന്ന മാർഗ്ഗരേഖയിൽ 100% സബ്സിഡി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നതിനാലാണ് ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണം ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

അധിക സബ്സിഡി വിതരണം - ₹ 40213/-

92. ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 11-4-2011-ലെ കത്തിലെ നടപടി അംഗീകരിച്ചുകൊണ്ട് അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

രാമങ്കരി ഗ്രാമപഞ്ചായത്ത്

പദ്ധതി നിർവ്വഹണം - അധികം ചെലവഴിച്ചത് - ₹ 20254/-

93. ഓഡിറ്റ് തടസ്സമൊഴിവാക്കിക്കൊണ്ടുള്ള ഓഡിറ്റ് വകുപ്പിന്റെ 28-10-2015-ലെ നടപടി അംഗീകരിച്ചുകൊണ്ട് അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

1324/2017.

സ്കൂൾ - മണ്ണ് ഫില്ലിംഗ് - ₹ 12767/-

94. ഓഡിറ്റ് തടസ്സമൊഴിവാക്കിക്കൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി അംഗീകരിച്ചുകൊണ്ട് അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ചേർത്തല സൗത്ത് ഗ്രാമപഞ്ചായത്ത്

ഉഴവ് യന്ത്രം - വാടക സംബന്ധിച്ച് - ₹ 125995/-

95. മണിക്കൂറിന് 80/- രൂപ വാടക പ്രകാരം ഒരു ദിവസം 8 മണിക്കൂർ ജോലി എന്ന കണക്കിൽ 10 ദിവസത്തേക്ക് 6,400/- രൂപ ഈടാക്കേണ്ടതായിരുന്നു എന്ന ഓഡിറ്റിന്റെ അനുമാനം യുക്തിസഹമല്ലെന്ന് സമിതി കരുതുന്നു. വളരെ കാലപ്പഴക്കമുള്ളതും ഗൗരവ സ്വഭാവമില്ലാത്തതുമായ വിഷയമായതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

വോട്ടർ പട്ടിക അധിക നിരക്ക് - ₹ 39085/-

96. തെരഞ്ഞെടുപ്പ് പോലെ വളരെ തിരക്കുള്ള സമയങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് ഓഡിറ്റ് സൂചിപ്പിക്കുന്ന പ്രകാരം കുറഞ്ഞ നിരക്കിൽ വോട്ടർ പട്ടിക അച്ചടിച്ച് ലഭ്യമാക്കുക പ്രയാസമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

റെഡിമെയ്ഡ് യൂണിറ്റ് - ₹ 126375/-

97. പരാമർശ വിധേയമായ റെഡിമെയ്ഡ് യൂണിറ്റുകൾ 5 വർഷം പ്രവർത്തിച്ചിരുന്നുവെന്നും അതിൽ 3 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടെന്നും അർഹമായതിലും അധികം സബ്സിഡി അനുവദിച്ചു എന്നതായിരുന്നു ആദ്യം ഉന്നയിച്ച ഓഡിറ്റ് തടസ്സമെന്നും അതിന് തൃപ്തികരമായ മറുപടി നൽകിയതിനെത്തുടർന്ന് പ്രസ്തുത തടസ്സം ഒഴിവാക്കിയെന്നും യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല എന്ന തടസ്സം മാത്രമാണ് നിലവിലുള്ളതെന്നും തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചത് ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

പമ്പ് സെറ്റ് വിതരണം - ₹ 21450/-

98. പമ്പ് സെറ്റുകൾ വാങ്ങിയത് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരമായിരുന്നുവെന്നും അവ ഇപ്പോഴും പ്രവർത്തനക്ഷമ മാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>കുഴൽക്കിണർ വിതരണം - ₹ 16275/-</u>

99. 50% സബ്സിഡി നിരക്കിൽ 75 പേർക്ക് കുഴൽക്കിണർ നൽകുന്നതിനായിരുന്നു പഞ്ചായത്ത് തീരുമാനിച്ചിരുന്നതെന്നും എന്നാൽ ഗുണഭോക്തൃ പട്ടികയിലുണ്ടായിരുന്നവരിൽ 50 പേർ മാത്രമേ പദ്ധതി നടപ്പിലാക്കുന്നതിന് തയ്യാറായുള്ളൂ എന്നതിനാൽ അതേ അർഹതാ മാനദണ്ഡമുള്ള 25 പേർക്ക് കൂടി കുഴൽക്കിണർ നൽകാൻ പഞ്ചായത്ത് തീരുമാനിക്കുകയാണുണ്ടായതെന്നും പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കിയിരുന്നു. പിന്നീട് നടന്ന ഗ്രാമസഭയിൽ വച്ചെങ്കിലും പ്രസ്തുത നടപടി സാധൂകരിക്കേണ്ടതായിരുന്നുവെന്നും ഗ്രാമസഭയെ ഒഴിവാക്കിക്കൊണ്ടുള്ള പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്നും സമിതി വിലയിരുത്തുന്നു. ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

**കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്**

<u>ചെലവ് വിവരം ഇല്ല - ₹ 61448/-</u>

100. പൈപ്പുകൾ വാങ്ങിയതും സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് 2011-ൽ ആർ.ആർ. നടപടി സ്വീകരിച്ചിരുന്നുവെന്നും അതിൽ സാങ്കേതിക പിഴവ് വന്നതുകൊണ്ട് 2015-ൽ വീണ്ടും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദമാക്കുകയുണ്ടായി. 1999-2000-ൽ നടന്ന ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടിന് നീണ്ട 11 വർഷങ്ങൾക്ക് ശേഷം 2011-ൽ മാത്രമാണ് പ്രാരംഭ നടപടി സ്വീകരിച്ചതെന്നും വീണ്ടും 5 വർഷങ്ങൾക്ക് ശേഷം തെളിവെടുപ്പ് യോഗത്തിന്റെ നോട്ടീസ് ലഭിച്ചപ്പോൾ മാത്രമാണ് ആയതിന്മേൽ തുടർനടപടി സ്വീകരിച്ചതെന്നും സമിതി മനസ്സിലാക്കുന്നു. ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ തുടങ്ങിയ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്രസ്തുത നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

<u>ഭവനം - അനർഹർക്ക് നൽകിയ തുക - ₹ 72000/-</u>

101. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. ഗ്രാമസഭയെ ഒഴിവാക്കുന്ന നടപടി ആവർത്തിക്കരുതെന്ന താക്കീതോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>നടപ്പാത നിർമ്മാണം രേഖകൾ ഹാജരാക്കിയില്ല - ₹ 50923/-</u>

102. നടപ്പാത നിർമ്മാണത്തിനാവശ്യമായ പൈപ്പ് വാങ്ങിയതിന്റെ ചെലവ് രേഖകൾ മുഴുവൻ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും പെർഫോമൻസ് ഓഡിറ്റ് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

<u>കൃഷി - മോട്ടോർ വാങ്ങിയതിലെ അപാകത - ₹ 54920/-</u>

103. അംഗീകരിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനെക്കാൾ അധികം തുക നൽകിയതിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ ആർ.ആർ. നടപടി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

വയലാർ ഗ്രാമപഞ്ചായത്ത്

<u>കൃഷി - ചെലവ് രേഖകൾ ഹാജരാക്കാത്തത് - ₹ 15070/-</u>

104. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് കശുമാവിൻതൈകൾ വിതരണം ചെയ്തതെന്നും ചെലവ് രേഖകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിരുന്നതായും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥർ വിശദമാക്കുകയുണ്ടായി. ഇത് ഓഡിറ്റിന്റെ കണ്ടെത്തലുമായി യോജിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

പാലമേൽ ഗ്രാമപഞ്ചായത്ത്

<u>കാർഷിക പദ്ധതിയിലെ അപാകതകൾ - ₹ 122004/-</u>

105. ഓഡിറ്റ് നിരാകരിച്ച 1,22,004/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ആർ.ആർ. മുഖേന ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

വിനോദ നികുതി - സമാന്തര ടിക്കറ്റ് വിറ്റത് - ₹ 65748/-

106. പ്രസ്തുത പരാമർശം, അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി. അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതാണെങ്കിൽ അത് അപ്രകാരം ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മാന്നാർ ഗ്രാമപഞ്ചായത്ത്

സർക്കാർ നിബന്ധന പാലിക്കാത്ത മരാമത്ത് പണി - ₹ 291133/-

107. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് നേരത്തെ ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ അറിയിച്ചത് അംഗീകരിച്ചുകൊണ്ട് അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

പുഷ്പകൃഷി അപാകത - ₹ 224700/-

108. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് 31-1-2012-ലെ കത്ത് പ്രകാരം ഒഴിവാക്കിയതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

അത്തൂർ ഗ്രാമപഞ്ചായത്ത്

തൊഴുത്ത് നിർമ്മാണം - അനർഹർക്ക് നൽകിയ തുക - ₹ 32000/-

109. കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ചിലരെ ഒഴിവാക്കി പകരം അനർഹരായ 16 പേരെ ഉൾപ്പെടുത്തുകയും ടിയാളുകൾക്ക് 2,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകുകയും ചെയ്തതിന്റെ പേരിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 32,000/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റെ പക്കൽനിന്നും ഈടാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു വെങ്കിലും ടിയാൻ മരണപ്പെട്ടതായും ടിയാന്റെ കുടുംബം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെന്നും സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

തൊഴുത്ത് നിർമ്മാണം - അനർഹർക്ക് നൽകിയ തുക (എസ്.സി.പി.) - ₹ 58000/-

110. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നവരെ ഒഴിവാക്കി അനർഹരായ 19 പേർക്ക് ആനുകൂല്യം നൽകിയതുവഴി നഷ്ടമായ 38,000/-രൂപ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും ഈടാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നെങ്കിലും ടിയാൻ മരണപ്പെട്ടുവെന്നും ടിയാന്റെ കുടുംബം സാമ്പത്തികമായി പിന്നോക്കാവസ്ഥ-യിലാണെന്നും സർക്കാർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ചെപ്പാട് ഗ്രാമപഞ്ചായത്ത്

പിഴപ്പലിശ ഈടാക്കാത്തത് -₹ 52862/-

111. തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിലായി പിഴപ്പലിശ ഈടാക്കാതിരുന്നതുമൂലം 52,862/-രൂപയുടെ നഷ്ടമുണ്ടായെങ്കിലും പിഴപ്പലിശ ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ, പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

റോഡ് - സർക്കാർ ഉത്തരവ് ലംഘിച്ച് പണം നൽകിയത് - ₹ 48018/-

112. റോഡ് നിർമ്മാണത്തിനായി 30 ശതമാനം അധികം തുക നൽകിയ ഗുണഭോക്തൃ സമിതിയുടെ നടപടി ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരത്തിൽ അധികം തുക നൽകുന്നതിന് സർക്കാർ ഉത്തരവുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റിന് ബോദ്ധ്യപ്പെടുന്നപക്ഷം പരാമർശം ഒഴിവാക്കുന്നതിനും അല്ലാത്തപക്ഷം അധികം നൽകിയ തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

പിഴപ്പലിശ അടയ്ക്കാത്തത് - ₹ 27429/-

113. പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

വിത്ത് വിതരണ അപാകത -₹ 32121/-

114. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി തെളിവെടുപ്പ് യോഗത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

നെൽകൃഷി വിതരണം - അപാകത - ₹ 26789/-

115. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

മണ്ഡരി രോഗ നിയന്ത്രണം - ₹ 162369/-

116. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ചകിരി വിതരണം - അപാകത -₹ 32000/-

117. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ധനസഹായം നൽകിയത് - ₹ 50000/-

118. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

മരാമത്ത് പണി - രേഖകൾ ഇല്ല - ₹ 41700/-

119. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ചെറുതന ഗ്രാമപഞ്ചായത്ത്

സ്ഥലം നികത്തൽ - അധികം നൽകിയ തുക - ₹ 15762/-

120. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഇലക്ട്രിക്കൽ സാധനം വാങ്ങിയത് -₹ 13218/-**

121. പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

തലവടി ഗ്രാമപഞ്ചായത്ത്

**മൈത്രിഭവനം - അനർഹർക്ക് അടച്ച തുക - ₹ 37500/-**

122. 20 പട്ടികജാതി കുടുംബങ്ങൾക്ക് മൈത്രിഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നതിനായി പഞ്ചായത്ത് 2,50,000/- രൂപ ഹൗസിംഗ് ബോർഡിൽ അടച്ചുവെന്നും അതിൽ 17 പേർ മാത്രമേ ആനുകൂല്യം കൈപ്പറ്റിയുള്ളുവെന്നും ഭൂമിയുടെ രേഖകളും മറ്റും ശരിയാകാതിരുന്നതിനാൽ 3 പേർ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു. ടി 3 പേർക്കായി അടച്ച വിഹിതമായ 37,500/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്ന ഓഡിറ്റ് പരാമർശം ഹൗസിംഗ് ബോർഡിനെ അറിയിച്ചതിനെത്തുടർന്ന്, ഫണ്ട് ലഭിക്കുന്നമുറയ്ക്ക് തുക തിരികെ നല്കാമെന്ന് ഹൗസിംഗ് ബോർഡ് മറുപടി നൽകിയിട്ടുള്ളതായും അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയാണ് പഞ്ചായത്ത് ഹൗസിംഗ് ബോർഡിൽ തുക അടച്ചത് എന്നതിനാൽ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്ന് സമിതി കരുതുന്നു. പഞ്ചായത്ത് ഹൗസിംഗ് ബോർഡിൽ തുക അടച്ചിട്ടുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ടി പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**മൈത്രിഭവനം - മാനദണ്ഡമില്ലാതെ നൽകിയ തുക - ₹ 61931/-**

123. ഹൗസിംഗ് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ വീട് നിർമ്മിക്കുന്നതിന് 28,000/- രൂപ അപര്യാപ്തമായതിനാലാണ് 3,643/- രൂപ അധികമായി അനുവദിച്ചതെന്നും അത് ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**മൈത്രിഭവനം -മാനദണ്ഡമില്ലാതെ നൽകിയ തുക (ജനറൽ) - ₹ 234290/-**

124. ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമായതിനാലാണ് സബ്സിഡി ഇനത്തിൽ തുക അധികം നൽകിയതെന്നും ആയത് ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### കൈനകരി ഗ്രാമപഞ്ചായത്ത്

**കൊതുക് നിവാരണം - ചെലവ് രേഖകൾ ഇല്ലാത്തത് - ₹ 50000/-**

125. പരാമർശ കാലയളവിൽ കൈനകരി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മലമ്പനി, ജപ്പാൻ ജ്വരം തുടങ്ങിയ കൊതുകജന്യ രോഗങ്ങൾ പടർന്ന് പിടിച്ചിരുന്നുവെന്നും ഇതിന്റെ പ്രതിരോധത്തിനായാണ് ടി തുക ചെലവഴിച്ചതെന്നും പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതോടെയാണ് ചെലവ് രേഖകൾ നഷ്ടപ്പെട്ടതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**മൈത്രി ഭവനം - അധികം നൽകിയ തുക - ₹ 150000/-**

126. കൈനകരി ഗ്രാമപഞ്ചായത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് വേണ്ടിയാണ് ടി തുക ചെലവഴിക്കപ്പെട്ടതെന്നും അധികമായി ചെലവഴിച്ച വെന്ന് പറയുന്ന തുക ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്നും ധനദുർവിനിയോഗം ഉണ്ടായിട്ടില്ലെന്നുമുള്ള സർക്കാർ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഗുണഭോക്തൃ സമിതിക്ക് അധികം നൽകിയ തുക - ₹ 61399/-**

127. കൈനകരി പഞ്ചായത്ത് പോലെയുള്ള കുട്ടനാടൻ പ്രദേശങ്ങളിൽ സാധനസാമഗ്രികൾ സൈറ്റിലെത്തിക്കുന്നതിന് വളരെയധികം പ്രയാസവും കൂലിച്ചെലവും വേണ്ടിവരുന്ന അവസ്ഥയാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രവൃത്തികൾ സുഗമമായി പൂർത്തീകരിച്ചതായി സർക്കാർ അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### വെളിയനാട് ഗ്രാമപഞ്ചായത്ത്

**മരാമത്ത് പണി - രേഖകൾ ഹാജരാക്കിയില്ല - ₹ 138650/-**

128. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച രേഖകളൊന്നും തന്നെ ലഭ്യമല്ല എന്ന് സർക്കാർ റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നു. 1999-2000 വർഷത്തെ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ പ്രസ്തുത അപാകം വളരെയധികം കാലപ്പഴക്കമുള്ളതും ഗൗരവസ്വഭാവ മില്ലാത്തതുമായതിനാൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>കമ്പ്യൂട്ടർ - രേഖകൾ ഹാജരാക്കിയില്ല - ₹ 182000/-</u>

129. വളരെയധികം കാലപ്പഴക്കമുള്ളതും ഗൗരവസ്വഭാവമില്ലാത്തതുമായ പരാമർശമായതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

<u>ഭൂമി കൃഷിയോഗ്യമാക്കൽ - അനർഹമായി സബ്സിഡി നൽകിയത് -₹ 298028/-</u>

130. പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഹരിപ്പാട് ഗ്രാമപഞ്ചായത്ത്

<u>പിഴപ്പലിശ ഈടാക്കാത്തത് - ₹ 28255/-</u>

131. പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>കമ്മിറ്റി തീരുമാനമില്ലാതെ ചെലവഴിച്ച തുക - ₹ 31076/-</u>

132. കമ്മിറ്റി തീരുമാനമില്ലാതെ ചെലവഴിച്ചതായി ഓഡിറ്റ് പരാമർശിച്ചിട്ടുള്ള 31,076/- രൂപയുൾപ്പെടെ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിച്ചിട്ടുള്ള 3,35,512/- രൂപ ആർ. ആർ. പ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 24,937/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും ആർ. ആർ. നടപടിക്കെതിരെ ടിയാൻ ട്രൈബ്യൂണലിൽ (S.A.T., തിരുവനന്തപുരം) കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. കേസ് നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>വകമാറ്റി ചെലവഴിച്ചത് - ₹ 26961/-</u>

133. പ്രസ്തുത പരാമർശം 27-10-2005-ലെ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുള്ളതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഇലക്ട്രിക്കൽ സാധനം വാങ്ങി - രേഖകൾ ലഭ്യമാക്കിയില്ല -₹ 76065/-</u>

134. പ്രസ്തുത പരാമർശം 1-2-2012-ലെ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയി ട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### ചെറിയനാട് ഗ്രാമപഞ്ചായത്ത്

#### ഡ്രൈവിംഗ് പരിശീലനം - രേഖകൾ ഇല്ലാത്തത് -₹ 40000/-

135. പദ്ധതിപ്പണം ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഇല്ലാത്തതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 40,000/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി തിരിച്ചടച്ചതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

#### കാലിത്തൊഴുത്ത് - തറ കോൺക്രീറ്റ് - അപാകത - ₹ 107000/-

136. ഗ്രാമസഭ അംഗീകരിച്ചതും പശുവളർത്തൽ ഉള്ളതുമായ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടെ ആനുകൂല്യം നൽകുകയാണുണ്ടായതെന്നും ടി ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരാണെന്ന് ഗ്രാമപഞ്ചായത്ത് സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് മരണപ്പെട്ടതായും സെക്രട്ടറി വിരമിച്ചതായുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

#### കാലിത്തൊഴുത്തിന്റെ നിർമ്മാണ അപാകത - ₹ 94400/-

137. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് സമിതിയിൽ വച്ച് അംഗീകരിച്ചിട്ടുള്ളതാണെന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ രേഖാമൂലമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതിയിൽ വ്യത്യാസം വരുത്തിയിട്ടുള്ള തെന്ന് വ്യക്തമാണെന്നും ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് മരണപ്പെട്ടതായും കാലപ്പഴക്കംമൂലം ബന്ധപ്പെട്ട രേഖകൾ പലതും നശിച്ചുപോയ അവസ്ഥയിലാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാന ത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### കോടന്തുരുത്ത് ഗ്രാമപഞ്ചായത്ത്

#### റോഡ് നിർമ്മാണം - പണി പൂർത്തീകരിച്ചില്ല - ₹ 37500/-

138. കരുമാഞ്ചേരി-പുല്ലുശ്ശേരിവെളി റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസും സെക്യേർഡ് അഡ്വാൻസും കൈപ്പറ്റിയിട്ടും 2002-03 ലും സ്പിൽ ഓവർ ആയി ഇടരുന്നതുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിക്കാത്തതിന് കൺവീനർക്കെതിരെ ആർ. ആർ. നടപടി

**ആരംഭിച്ചിരിക്കുകയാണെന്നും ടിയാന്റെ വസ്തുവിന്മേൽ പ്രസ്തുത തുക അറ്റാച്ച് ചെയ്തിരിക്കുകയാണെന്നും കൺവീനർ മരണപ്പെട്ടതായും കുടുംബം കടക്കെണിയിലാണെന്നും സർക്കാർ അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ആർ. ആർ. നടപടി നിർത്തിവയ്ക്കുന്നതിനും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 9.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 71 | ചുനക്കര ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സമായുന്നയിച്ചിട്ടുള്ള 24,599 രൂപയിൽ 14,160 രൂപ തിരിച്ചീടാക്കിയിട്ടുള്ളതായും നഷ്ടത്തിന് ഉത്തരവാദികളായ ബാക്കിയുള്ള അംഗങ്ങൾ മരിച്ചുപോയതായുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 72 | ചുനക്കര ഗ്രാമപഞ്ചായത്ത് | ജനകീയാസൂത്രണ പദ്ധതികളുടെ പ്രാരംഭ ഘട്ടത്തിൽ തുടർച്ചയായി നിരവധി ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നുവെന്നും മൃഗാശുപത്രി കെട്ടിടത്തിന് അധികം തുക നൽകിയത് അന്ന് നിലവിലുണ്ടായിരുന്ന ചട്ടപ്രകാരമായിരുന്നു എന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 73 | ചുനക്കര ഗ്രാമപഞ്ചായത്ത് | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി ഇനത്തിൽ നൽകിയ 20,250/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചീടാക്കിയതായുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 74 | ചുനക്കര ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും വീഴ്ചകളുണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തെളിവെടുപ്പുവേളയിൽ സമിതി മുമ്പാകെ നല്കിയ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 75 | നൂറനാട് ഗ്രാമപഞ്ചായത്ത് | പരാമർശത്തിൽ പ്രതിപാദിച്ച പ്രവൃത്തിയുടെ കൺവീനർ മരണപ്പെട്ടുവെന്നും ടിയാന്റെ കുടുംബാംഗങ്ങളിൽ നിന്നും പ്രസ്തുത തുക തിരിച്ചീടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 76 | നൂറനാട് ഗ്രാമപഞ്ചായത്ത് | മോട്ടോർ തറ നിർമ്മിക്കാതെയും ഗുണഭോക്തൃ സമിതി ചേരാതെയും മോട്ടോർ വാങ്ങിയതിന് ഓഡിറ്റ് തടസ്സപ്പെടുത്തിയ 19,181/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ആർ. ആർ. മുഖേന ഈടാക്കുന്നതിന് ആരംഭിച്ച നടപടികൾ പൂർത്തീകരിച്ച് തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 77 | നൂറനാട് ഗ്രാമപഞ്ചായത്ത് | ഈയിനത്തിൽ ഖണ്ഡിക 17(1) പ്രകാരമുള്ള പരാമർശമായ 904/- രൂപ 3-1-2012-ൽ നടന്ന അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്ന തിനാൽ പരാമർശത്തിലെ പ്രസ്തുത ഭാഗമൊഴി വാക്കുന്നതിനും ടി ഇനത്തിൽ അവശേഷിക്കുന്ന [ഖണ്ഡിക 17(2-20)] 42,217/- രൂപ |

| | | | |
|---|---|---|---|
| | | | ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 78 | ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയും ഓഡിറ്റിന്റെ കുറിപ്പും തെളിവെടുപ്പുവേളയിൽ സമിതി പരിഗണിക്കുകയുണ്ടായി. വളരെയേറെ കാലപ്പഴക്കമുള്ളതും ഗൗരവസ്വഭാവമില്ലാത്തതുമായ പരാമർശമെന്ന നിലയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 79 | ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് 1999-2000-ൽ നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ വീട് അനുവദിച്ച വ്യക്തിയുടെ പേരിൽ ഭൂമിയുണ്ടായിരുന്നില്ല എന്നതാണ് പരാമർശ വിഷയമെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ ഒരു കുടുംബത്തിൽ ആരുടെയെങ്കിലും പേരിൽ ഭൂമിയുണ്ടെങ്കിൽ ആ കുടുംബത്തിലെ ഒരു അംഗത്തിന്റെ പേരിൽ വീട് അനുവദിക്കാറുണ്ടെന്നും ടി ഗുണഭോക്താക്കളെയെല്ലാം ഗ്രാമസഭ തെരഞ്ഞെടുത്തതാണെന്നും വീട് അനുവദിച്ചവരെല്ലാം നിലവിൽ പ്രസ്തുത വീടുകളിൽ താമസിച്ചുവരികയാണെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 80 | ചിങ്ങോലി ഗ്രാമപഞ്ചായത്ത് | സാക്ഷരതാ കേന്ദ്രത്തിന് ഫർണിച്ചറുകൾ വാങ്ങാൻ ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയതിനുശേഷം സാക്ഷരതാമിഷനിൽ നിന്നും സാക്ഷരതാ കേന്ദ്രങ്ങൾക്ക് ആവശ്യമായ ഫർണിച്ചറുകൾ ലഭിച്ചെന്നും എന്നാൽ ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് മുൻ തീരുമാനപ്രകാരം തന്നെ |

| | | | |
|---|---|---|---|
| | | | ഫർണിച്ചർ വാങ്ങുകയാണുണ്ടായതെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതി ആരംഭിച്ച ആദ്യനാളുകളിൽ സംഭവിച്ച പാളിച്ചയായതിനാലും ടി ഫർണിച്ചറുകൾ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഇപ്പോഴും ഉപയോഗിച്ച് വരുന്നുണ്ടെന്ന് സർക്കാർ അറിയിച്ചിട്ടുള്ളതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 81 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | ബി. എൽ. ഇ. സി. അംഗീകരിച്ച നിരക്കിലാണ് പ്രസ്തുത റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതെന്നും അന്നത്തെ പ്രാദേശിക നിരക്കുമായി താരതമ്യം ചെയ്തതിൽ വന്ന ആശയക്കുഴപ്പമാണ് ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയതെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ മറുപടി ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 82 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 83 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | ഗുണഭോക്തൃ വിഹിതമായി അടച്ച തുക വിനിയോഗിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചതായുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 84 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പരിശീലനത്തിന് തുക ചെലവഴിച്ചതും പരിശീലനം നൽകിയ സ്ഥാപനം ആവശ്യപ്പെട്ട |

| | | | |
|---|---|---|---|
| | | | തിനേക്കാൾ അധികമായി തുക നൽകിയതും പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകളായി സമിതി കണക്കാക്കുന്നു. എങ്കിലും, പരിശീലനം ലഭിച്ച വനിതകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരാണെന്നും വിവര സാങ്കേതിക വിദ്യ ജനകീയമാക്കുന്നതിന് സഹായിച്ച ഒരു പദ്ധതിയെന്ന നിലയിൽ ടി വീഴ്ച മാപ്പാക്കി നൽകണമെന്ന സർക്കാർ റിപ്പോർട്ടിന്റെയും, സ്ഥാപനത്തിന് അധിക മായി നല്കിയ തുക 2625 രൂപ ഈടാക്കിയിട്ടുണ്ടെന്ന പഞ്ചായത്ത് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 85 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന 13 സ്വാശ്രയ സംഘങ്ങളും നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നു വെന്നും അനുവദിച്ച മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാന ത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 86 | കരുവാറ്റ ഗ്രാമപഞ്ചായത്ത് | പഞ്ചായത്തിൽ സൂക്ഷിച്ചിരുന്ന മെതിയന്ത്രം കർഷക സംഘത്തിന് കൈമാറിയതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 87 | തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | പിഴപ്പലിശ ഈടാക്കുന്നത് ഒഴിവാക്കുന്നതിന് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ, പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 88 | തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| | 89 | തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | കിണർ നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ ചെറുകിട കർഷകരും പട്ടികജാതിക്കാരുമായിരുന്നുവെന്നും അവർക്ക് പ്രസ്തുത പ്രവൃത്തി നടത്താൻ ശേഷിയില്ലെന്ന് അറിയിച്ചതിനാലാണ് സ്വകാര്യ വ്യക്തികളെ ഏല്പിച്ചതെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കും മറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| | 90 | തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | ഗവ. എൽ.പി.സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ എം.ബുക്ക് ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന പക്ഷം തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 91 | പത്തിയൂർ ഗ്രാമപഞ്ചായത്ത് | പദ്ധതിക്ക് 50% സബ്സിഡി നൽകുന്നതിന് ആദ്യം തീരുമാനിച്ചിരുന്നെങ്കിലും പിന്നീട് വന്ന മാർഗ്ഗരേഖയിൽ 100% സബ്സിഡി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നതിനാലാണ് ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണം ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 92 | പത്തിയൂർ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 11-4-2011-ലെ കത്തിലെ നടപടി അംഗീകരിച്ചു കൊണ്ട് അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 93 | രാമങ്കരി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സമൊഴിവാക്കിക്കൊണ്ടുള്ള ഓഡിറ്റ് വകുപ്പിന്റെ 28-10-2015-ലെ നടപടി അംഗീകരിച്ചുകൊണ്ട് അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 94 | രാമങ്കരി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സമൊഴിവാക്കിക്കൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി അംഗീകരിച്ചു കൊണ്ട് അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 95 | ചേർത്തല ഗ്രാമപഞ്ചായത്ത് | മണിക്കൂറിന് 80/- രൂപ വാടക പ്രകാരം ഒരു ദിവസം 8 മണിക്കൂർ ജോലി എന്ന കണക്കിൽ 10 ദിവസത്തേക്ക് 6,400/- രൂപ ഈടാക്കേണ്ട തായിരുന്നു എന്ന ഓഡിറ്റിന്റെ അനുമാനം യുക്തിസഹമല്ലെന്ന് സമിതി കരുതുന്നു. വളരെ കാലപ്പഴക്കമുള്ളതും ഗൗരവ സ്വഭാവമില്ലാ ത്തതുമായ വിഷയമായതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 96 | ചേർത്തല ഗ്രാമപഞ്ചായത്ത് | തെരഞ്ഞെടുപ്പ് പോലെ വളരെ തിരക്കുള്ള സമയങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് ഓഡിറ്റ് സൂചിപ്പിക്കുന്ന പ്രകാരം കുറഞ്ഞ നിരക്കിൽ വോട്ടർ പട്ടിക അച്ചടിച്ച് ലഭ്യമാക്കുക പ്രയാസമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 97 | ചേർത്തല ഗ്രാമപഞ്ചായത്ത് | പരാമർശ വിധേയമായ റെഡിമെയ്ഡ് യൂണിറ്റുകൾ 5 വർഷം പ്രവർത്തിച്ചിരുന്നുവെന്നും അതിൽ 3 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ടെന്നും അർഹമായതിലും അധികം സബ്സിഡി അനുവദിച്ച എന്നതായിരുന്നു ആദ്യം ഉന്നയിച്ച ഓഡിറ്റ് തടസ്സമെന്നും അതിന് തൃപ്തികരമായ മറുപടി നൽകിയതിനെത്തുടർന്ന് പ്രസ്തുത തടസ്സം ഒഴിവാക്കിയെന്നും യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല എന്ന തടസ്സം മാത്രമാണ് നിലവിലുള്ളതെന്നും തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചത് ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 98 | ചേർത്തല ഗ്രാമപഞ്ചായത്ത് | പമ്പ് സെറ്റുകൾ വാങ്ങിയത് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമായിരുന്നു വെന്നും അവ ഇപ്പോഴും പ്രവർത്തനക്ഷമ മാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 99 | ചേർത്തല ഗ്രാമപഞ്ചായത്ത് | 50% സബ്സിഡി നിരക്കിൽ 75 പേർക്ക് കുഴൽക്കിണർ നൽകുന്നതിനായിരുന്നു പഞ്ചായത്ത് തീരുമാനിച്ചിരുന്നതെന്നും എന്നാൽ ഗുണഭോക്തൃ പട്ടികയിലുണ്ടായിരുന്നവരിൽ 50 പേർ മാത്രമേ പദ്ധതി നടപ്പിലാക്കുന്നതിന് തയ്യാറായുള്ളൂ എന്നതിനാൽ അതേ അർഹതാ മാനദണ്ഡമുള്ള 25 പേർക്ക് കൂടി കുഴൽക്കിണർ നൽകാൻ പഞ്ചായത്ത് തീരുമാനിക്കുക യാണുണ്ടായതെന്നും പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കിയിരുന്നു. |

| | | | |
|---|---|---|---|
| | | | പിന്നീട് നടന്ന ഗ്രാമസഭയിൽ വച്ചെങ്കിലും പ്രസ്തുത നടപടി സാധൂകരിക്കേണ്ടതായിരുന്നുവെന്നും ഗ്രാമസഭയെ ഒഴിവാക്കിക്കൊണ്ടുള്ള പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്നും സമിതി വിലയിരുത്തുന്നു. ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 10 | 100 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | പൈപ്പുകൾ വാങ്ങിയതും സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് 2011-ൽ ആർ.ആർ. നടപടി സ്വീകരിച്ചിരുന്നുവെന്നും അതിൽ സാങ്കേതിക പിഴവ് വന്നതുകൊണ്ട് 2015-ൽ വീണ്ടും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദമാക്കുകയുണ്ടായി. 1999-2000-ൽ നടന്ന ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടിന് നീണ്ട 11 വർഷങ്ങൾക്ക് ശേഷം 2011-ൽ മാത്രമാണ് പ്രാരംഭ നടപടി സ്വീകരിച്ചതെന്നും വീണ്ടും 5 വർഷങ്ങൾക്ക് ശേഷം തെളിവെടുപ്പ് യോഗത്തിന്റെ നോട്ടീസ് ലഭിച്ചപ്പോൾ മാത്രമാണ് ആയതിന്മേൽ തുടർനടപടി സ്വീകരിച്ചതെന്നും സമിതി മനസ്സിലാക്കുന്നു. ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ തുടങ്ങിയ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്രസ്തുത നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തിയ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| | 101 | കഞ്ചിക്കോട് ഗ്രാമപഞ്ചായത്ത് | ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത പഞ്ചായത്തിന്റെ നടപടി ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. ഗ്രാമസഭയെ ഒഴിവാക്കുന്ന നടപടി ആവർത്തിക്കരുതെന്ന താക്കീതോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 102 | കഞ്ചിക്കോട് ഗ്രാമപഞ്ചായത്ത് | നടപ്പാത നിർമ്മാണത്തിനാവശ്യമായ പൈപ്പ് വാങ്ങിയതിന്റെ ചെലവ് രേഖകൾ മുഴുവൻ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും പെർഫോർമൻസ് ഓഡിറ്റ് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| | 103 | കഞ്ചിക്കോട് ഗ്രാമപഞ്ചായത്ത് | അംഗീകരിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനെക്കാൾ അധികം തുക നൽകിയതിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ ആർ.ആർ. നടപടി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 104 | വയലാർ ഗ്രാമപഞ്ചായത്ത് | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് കശുമാവിൻ തൈകൾ വിതരണം ചെയ്തതെന്നും ചെലവ് രേഖകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കി |

| | | | |
|---|---|---|---|
| | | | യിരുന്നതായും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥർ വിശദമാക്കുകയുണ്ടായി. ഇത് ഓഡിറ്റിന്റെ കണ്ടെത്തലുമായി യോജിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 105 | പാലമേൽ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് നിരാകരിച്ച 1,22,004/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ആർ.ആർ. മുഖേന ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 106 | പാലമേൽ ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം, അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി. അപ്രകാരം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതാണെങ്കിൽ അത് ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 107 | മാന്നാർ ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് നേരത്തെ ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ അറിയിച്ചത് അംഗീകരിച്ചുകൊണ്ട് അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 108 | മാന്നാർ ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് 31-1-2012 ലെ കത്ത് പ്രകാരം ഒഴിവാക്കിയതായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 109 | അരൂർ ഗ്രാമപഞ്ചായത്ത് | കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ചിലരെ ഒഴിവാക്കി പകരം അനർഹരായ 16 പേരെ ഉൾപ്പെടുത്തുകയും ടിയാളുകൾക്ക് 2,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകുകയും ചെയ്തതിന്റെ പേരിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 32,000/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിന്റെ പക്കൽ നിന്നും ഈടാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നുവെങ്കിലും ടിയാൻ മരണപ്പെട്ടതായും ടിയാന്റെ കുടുംബം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെന്നും സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 110 | അരൂർ ഗ്രാമപഞ്ചായത്ത് | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നവരെ ഒഴിവാക്കി അനർഹരായ 19 പേർക്ക് ആനുകൂല്യം നൽകിയതുവഴി നഷ്ടമായ 38,000/- രൂപ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും ഈടാക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നെങ്കിലും ടിയാൻ മരണപ്പെട്ടുവെന്നും ടിയാന്റെ കുടുംബം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലാണെന്നും സർക്കാർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 15 | 111 | ചേപ്പാട് ഗ്രാമപഞ്ചായത്ത് | തൊഴിൽ നികതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിലായി പിഴപ്പലിശ ഈടാക്കാതിരുന്ന തുമൂലം 52,862/- രൂപയുടെ നഷ്ടമുണ്ടായെങ്കിലും പിഴപ്പലിശ ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ, പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 112 | ചേപ്പാട് ഗ്രാമപഞ്ചായത്ത് | റോഡ് നിർമ്മാണത്തിനായി 30 ശതമാനം അധികം തുക നൽകിയ ഗുണഭോക്തൃ സമിതിയുടെ നടപടി ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരത്തിൽ അധികം തുക നൽകുന്നതിന് സർക്കാർ ഉത്തരവുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റിന് ബോധ്യപ്പെടുന്ന പക്ഷം പരാമർശം ഒഴിവാക്കുന്നതിനും അല്ലാത്തപക്ഷം അധികം നൽകിയ തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 113 | തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 114 | തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി തെളിവെടുപ്പ് യോഗത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 115 | തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 116 | തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 117 | തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 118 | തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 119 | തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 120 | ചെറുതന ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 121 | ചെറുതന ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം അദാലത്തിൽ വച്ച് ഒഴിവാക്കിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 122 | തലവടി ഗ്രാമപഞ്ചായത്ത് | 20 പട്ടികജാതി കുടുംബങ്ങൾക്ക് മൈത്രിഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നതിനായി പഞ്ചായത്ത് 2,50,000/- രൂപ ഹൗസിംഗ് ബോർഡിൽ അടച്ചുവെന്നും അതിൽ 17 പേർ മാത്രമേ ആനുകൂല്യം കൈപ്പറ്റിയുള്ളൂവെന്നും ഭൂമിയുടെ രേഖകളും മറ്റും ശരിയാകാതിരുന്നതിനാൽ 3 പേർ ആനുകൂല്യം കൈപ്പറ്റിയില്ലെന്നും പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു. ടി 3 പേർക്കായി അടച്ച വിഹിതമായ 37,500/- രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്ന ഓഡിറ്റ് പരാമർശം ഹൗസിംഗ് ബോർഡിനെ അറിയിച്ചതിനെ തുടർന്ന്, ഫണ്ട് ലഭിക്കുന്നമുറയ്ക്ക് തുക തിരികെ നല്കാമെന്ന് ഹൗസിംഗ് ബോർഡ് മറുപടി നൽകിയിട്ടുള്ളതായും അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയാണ് പഞ്ചായത്ത് ഹൗസിംഗ് ബോർഡിൽ തുക അടച്ചത് എന്നതിനാൽ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്ന് സമിതി കരുതുന്നു. പഞ്ചായത്ത് ഹൗസിംഗ് ബോർഡിൽ തുക അടച്ചിട്ടുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ടി പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 123 | തലവടി ഗ്രാമപഞ്ചായത്ത് | ഹൗസിംഗ് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ വീട് നിർമ്മിക്കുന്നതിന് 28,000/- |

| | | | |
|---|---|---|---|
| | | | രൂപ അപര്യാപ്തമായതിനാലാണ് 3,643/- രൂപ അധികമായി അനുവദിച്ചതെന്നും അത് ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 124 | തലവടി ഗ്രാമപഞ്ചായത്ത് | ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശമായതിനാലാണ് സബ്സിഡി ഇനത്തിൽ തുക അധികം നൽകിയതെന്നും ആയത് ഡി.പി.സി. അംഗീകരിച്ചിട്ടുള്ളതാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 125 | കൈനകരി ഗ്രാമപഞ്ചായത്ത് | പരാമർശ കാലയളവിൽ കൈനകരി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മലമ്പനി, ജപ്പാൻ ജ്വരം തുടങ്ങിയ കൊതുകുജന്യ രോഗങ്ങൾ പടർന്ന് പിടിച്ചിരുന്നുവെന്നും ഇതിന്റെ പ്രതിരോധത്തിനായാണ് ടി തുക ചെലവഴിച്ചതെന്നും പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതോടെയാണ് ചെലവ് രേഖകൾ നഷ്ടപ്പെട്ടതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 126 | കൈനകരി ഗ്രാമപഞ്ചായത്ത് | കൈനകരി ഗ്രാമപഞ്ചായത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് വേണ്ടിയാണ് ടി തുക ചെലവഴിക്കപ്പെട്ടതെന്നും അധികമായി ചെലവഴിച്ചുവെന്ന് പറയുന്ന തുക ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്നും |

| | | | |
|---|---|---|---|
| | | | ധനദുർവിനിയോഗം ഉണ്ടായിട്ടില്ലെന്നുമുള്ള സർക്കാർ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 127 | കൈനകരി ഗ്രാമപഞ്ചായത്ത് | കൈനകരി പഞ്ചായത്ത് പോലെയുള്ള കുട്ടനാടൻ പ്രദേശങ്ങളിൽ സാധനസാമഗ്രികൾ സൈറ്റിലെത്തിക്കുന്നതിന് വളരെയധികം പ്രയാസവും കൂലിച്ചെലവും വേണ്ടിവരുന്ന അവസ്ഥയാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രവൃത്തികൾ സുഗമമായി പൂർത്തീകരിച്ചതായി സർക്കാർ അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 128 | വെളിയനാട് ഗ്രാമപഞ്ചായത്ത് | പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച രേഖകളൊന്നും തന്നെ ലഭ്യമല്ല എന്ന് സർക്കാർ റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നു. 1999-2000 വർഷത്തെ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ പ്രസ്തുത അപാകം വളരെയധികം കാലപ്പഴക്കമുള്ളതും ഗൗരവസ്വഭാവമില്ലാത്തതുമായതിനാൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 129 | വെളിയനാട് ഗ്രാമപഞ്ചായത്ത് | വളരെയധികം കാലപ്പഴക്കമുള്ളതും ഗൗരവ സ്വഭാവമില്ലാത്തതുമായ പരാമർശമായതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 130 | ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ അനന്തര നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 22 | 131 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 132 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | കമ്മിറ്റി തീരുമാനമില്ലാതെ ചെലവഴിച്ചതായി ഓഡിറ്റ് പരാമർശിച്ചിട്ടുള്ള 31,076/- രൂപയുൾപ്പെടെ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിച്ചിട്ടുള്ള 3,35,512/- രൂപ ആർ. ആർ. പ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 24,937/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും ആർ. ആർ. നടപടിക്കെതിരെ ടിയാൻ ട്രൈബ്യൂണലിൽ (S.A.T., തിരുവനന്തപുരം) കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. കേസ് നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 133 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം 27-10-2005-ലെ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുള്ള തായുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 134 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | പ്രസ്തുത പരാമർശം 1-2-2012-ലെ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 135 | ചെറിയനാട് ഗ്രാമപഞ്ചായത്ത് | പദ്ധതിപ്പണം ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഇല്ലാത്തതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 40,000/- രൂപ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് സെക്രട്ടറി തിരിച്ചടച്ചതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 136 | ചെറിയനാട് ഗ്രാമപഞ്ചായത്ത് | ഗ്രാമസഭ അംഗീകരിച്ചതും പശുവളർത്തൽ ഉള്ളതുമായ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടെ ആനുകൂല്യം നൽകുകയാണുണ്ടായതെന്നും ടി ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് ഗ്രാമപഞ്ചായത്ത് സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് മരണപ്പെട്ടതായും സെക്രട്ടറി വിരമിച്ചതായുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | 137 | ചെറിയനാട് ഗ്രാമപഞ്ചായത്ത് | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് സമിതിയിൽ വച്ച് അംഗീകരിച്ചിട്ടുള്ളതാണെന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ രേഖാമൂലമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതിയിൽ വ്യത്യാസം വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാണെന്നും ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് മരണപ്പെട്ടതായും കാലപ്പഴക്കംമൂലം ബന്ധപ്പെട്ട രേഖകൾ പലതും നശിച്ചുപോയ അവസ്ഥയിലാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 138 | കോടന്തുരുത്ത് ഗ്രാമപഞ്ചായത്ത് | കരുമാഞ്ചേരി-പുത്തുശ്ശേരിവെളി റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസും സെക്യേർഡ് അഡ്വാൻസും |

| | | | |
|---|---|---|---|
| | | | കൈപ്പറ്റിയിട്ടും 2002-03-ലും സ്പിൽ ഓവർ ആയിത്തുടരുന്നതുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിക്കാത്തതിന് കൺവീനർക്കെതിരെ ആർ. ആർ. നടപടി ആരംഭിച്ചിരിക്കുകയാണെന്നും ടിയാന്റെ വസ്തുവിന്മേൽ പ്രസ്തുത തുക അറ്റാച്ച് ചെയ്തിരിക്കുകയാണെന്നും കൺവീനർ മരണപ്പെട്ടതായും കുടുംബം കടക്കെണിയിലാണെന്നും സർക്കാർ അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ആർ. ആർ. നടപടി നിർത്തിവയ്ക്കുന്നതിനും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

### ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2003-04 സമാഹൃത ആഡിറ്റ് റിപ്പോർട്ടിൻ മേൽ ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികളിൻമേലുള്ള ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നമ്പർ | പരാമർശവിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | ചുനക്കര | 2003-04<br>3.4.10 | 1. പൈപ്പ് ലൈൻ -അധിക ചെലവ്-24599/-<br><br>2. മൃഗാശുപത്രി കെട്ടിടം -ത്താധികം നൽകിയത്-48966/-<br><br>3. അനർഹർക്ക് സബ്സിഡി-20250/- | 1. പരാമർശം സംബന്ധിച്ച് തുടർനടപടികൾക്കായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭരണവകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>2. പരാമർശം സംബന്ധിച്ച് തുടർനടപടികൾക്കായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭരണവകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>3. 2012 ൽ നടന്ന ലോക്കൽ ഫണ്ട് ആഡിറ്റ് അദാലത്തിൽ ഇത് സംബന്ധിച്ച് വിശദീകരണം സമർപ്പിച്ചിരുന്നു. അദാലത്തിന്റെ തീരുമാന പ്രകാരം അനധികൃത ചെലവ് തുക 20250/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ, ആഡിറ്റ് ഹസ്ബന്ററി, ആലപ്പുഴയെ അറിയിക്കുകയും പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ് |

| | | | | |
|---|---|---|---|---|
| | | | 4. കാലിത്തൊഴുത്ത്–അപാകത–41250/– | ആയതിൻ പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ, ആനിമൽ ഹസ്ബെന്ററി, ആലപ്പുഴയെ വിവരം അറിയിച്ചിട്ടുള്ളതാണ്. ടി ഓഫീസിൽ നിന്നും 30.07.2014 ലെ എ1.7443/14 നമ്പർ കത്ത് പ്രകാരം നഷ്ടമായ തുക ഒടുക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ.ഹരികുമാർ, സീനിയർ വെറ്റിനറി സർജൻ, താമരക്കുളം എന്നയാളിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് എന്നാൽ നാളിതുവരെ ടിയാൻ തുക ഒടുക്കിയിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br>4. പരാമർശം സംബന്ധിച്ച് തുടർനടപടികൾക്കായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭരണവകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 2 | നൂറനാട് | | 1. അഡ്വാൻസ് തിരികെ വാങ്ങാത്തത്– 12233/– | 1. ഖണ്ഡിക പരാമർശത്തിൽ പ്രതിപാദിച്ച നടക്കാൽ വടക്കുവശം ഇരുപ്പ് നിലത്തിൽ കലിങ്ക് പണിയുടെ കൺവീനർ ഉടയാനവിളയിൽ, പരമേശ്വരക്കുറുപ്പ് കൈപ്പറ്റിയ മൊബിലൈസേഷൻ അഡ്വാൻസ് ഈടാക്കുന്നത് സംബന്ധിച്ച് പരാമർശം കമ്മിറ്റി ചർച്ച ചെയ്യുകയും 2012 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ 03/02/2012 ലെ LFGA5-1831/11 കത്ത് പ്രകാരം ടി ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന നഷ്ടം ഉത്തരവാദിയിൽ നിന്ന് ഈടാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി വർക്കിന്റെ കൺവീനർ ആയിരുന്ന ഉടയാനവിളയിൽ, പരമേശ്വരക്കുറുപ്പ് 5 വർഷത്തിന് മുൻപ് മരണപ്പെട്ടു പോയിട്ടുള്ളതായി കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടു. ടി തുക ടിയാനിൽ നിന്നോ ടിയാന്റെ കുടുംബാംഗങ്ങളിൽ നിന്നോ ഈടാക്കാൻ |

| | | | | |
|---|---|---|---|---|
| | | | | കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്ന് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാലും ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് 26/11/2014 ലെ V(2) തീരുമാനപ്രകാരം ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. |
| | | | 2. മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ്-19181/- | 2. ടി ഖണ്ഡിക പരാമർശം 2012 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ വിശദമായ അന്വേഷണത്തിനും തുടർ നടപടികൾക്കുമായി ഭരണ വകുപ്പിന് ശുപാർശ ചെയ്തിട്ടുള്ളതാണ്. ടി തടസ്സപ്പെടുത്തിയ തുക 19181/- രൂപ പലിശ സഹിതം തിരികെ ഒടുക്കുന്നതിന് ഉത്തരവാദിയായ കൃഷി ആഫീസർക്ക് രജിസ്റ്റേഡ് നോട്ടീസ് 11/05/2012 ൽ അയച്ചിട്ടും യാതൊരു മറുപടിയും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ നഷ്ടത്തിന് ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. നേശമണി, ശ്രീവിദ്യ TC19/112 പൂജപ്പുര തിരുവനന്തപുരം എന്നയാളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് ടി 19181/- രൂപ ഈടാക്കുന്നതിന് 26/11/2014 ലെ V(2)നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| | | | 3. അനാവശ്യമായി നൽകിയ കാർ വാടക-43121/-<br><br>(1) ഖണ്ഡിക 17(1)<br><br>യാത്രകൾക്ക് കാർ വാടക നൽകിയ ഇനത്തിൽ ചെലവഴിച്ച 904/- രൂപ കൃത്യമായ വിവരങ്ങൾ | 3(1) 2012 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 03/02/2012 ലെ LFGAS-1831/11 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | രേഖപ്പെടുത്താത്തതിനാൽ തടസ്സപ്പെടുത്തി.<br><br>(2)ഖണ്ഡിക 17(2 - 20 )<br>കാർ വാടക നൽകിയ ഇനത്തിൽ ചെലവഴിച്ച 42217/- രൂപ യാത്രയുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ തടസ്സപ്പെടുത്തി. | 3(2) ടി പരാമർശം 2012 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ വിശദമായ അന്വേഷണത്തിനും തുടർ നടപടികൾക്കുമായി ഭരണ വകുപ്പിന് ശുപാർശ ചെയ്തിട്ടുണ്ട്. 12/11/2014 ടി തുക 42217/- രൂപ 7 ദിവസത്തിനകം ഒടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാന് കത്ത് നൽകിയെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി, ശ്രീ. വാസു, കൊല്ലശ്ശേരി, തിരുവമ്പാടി, പഴവീട്. പി. ഒ, ആലപ്പുഴ എന്നയാളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് ടി 42217/- രൂപ ഈടാക്കുന്നതിന് 26/11/2014 ലെ V(5) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| | ചേന്നം പള്ളിപ്പുറം | | 1. മരാമത്ത് പണിയിലെ അപാകത-73567/- | 1. ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 99-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത നഷ്ടത്തിന് ആസ്പദമായ ഒരു ഖണ്ഡിക കാണുന്നില്ല. പല ഖണ്ഡികകളിലെ മരാമത്ത് വേലകളിലെ നഷ്ടം കൂട്ടിയാൽ ആകെ തുക 63567 രൂപ മാത്രമാണെന്ന് കാണുന്നു. 28.10.2005 ലെ ഓഡിറ്റ് പുനർ റിപ്പോർട്ടിൽ ഖണ്ഡിക 27,28,29,30 എന്നിവ ഒഴിവാക്കിയതിന് ശേഷം നിലനിൽക്കുന്ന തുകകൾ താഴെ പറയും പ്രകാരമാണെന്ന് കാണുന്നു.<br>(1) ഖണ്ഡിക 31 - 2424 /-<br>(2) ഖണ്ഡിക 32(1) - 5585 /-<br>(3) ഖണ്ഡിക 32(2) -175/- |

| | | | | |
|---|---|---|---|---|
| | | | | (4) ഖണ്ഡിക 32(4) -626/-<br>(5) ഖണ്ഡിക 32(5) -4993+ 891+1783= 7667 /-<br>(6) ഖണ്ഡിക 33 - 2275+ 910+1820= 5005 /-<br>(7) ഖണ്ഡിക 34 = 14799+2643+5286=22728/-<br>(8) ഖണ്ഡിക 35 - 1934/-<br>മേൽ പറഞ്ഞിരിക്കുന്ന 8 ഇനങ്ങളിലായി ആകെ 46144 രൂപയാണ് ആകെ നഷ്ടമായി കണക്കാക്കിയിരുന്നത്.2012 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് അദാലത്തിലെ തീരുമാന പ്രകാരം ഖണ്ഡിക (31) -2424/- രൂപ . ഖണ്ഡിക 33 ലെ 2275+ 910 + 1820 = 4005 രൂപ എന്നിവ ഉൾപ്പെടെ 7429 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനും ,ബാക്കി ഖണ്ഡികകളിന്മേൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് 16/12/2014 ൽ എ1/6347/14 നമ്പരായി നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | | 2. ചെലവ് രേഖകൾ ഹാജരാക്കാത്തത്-330000/- | 2. ഭവന നിർമ്മാണം - 1999-2000 സാമ്പത്തിക വർഷം നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ സഹായം നൽകിയ 9 ഗുണഭോക്താക്കൾക്ക് സ്വന്തം ഭൂമി ഉണ്ടെന്നത് സംബന്ധിച്ച രേഖകൾ ലഭ്യമക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ താഴെ പറയും പ്രകാരം വസ്തുതകൾ ബോധിപ്പിക്കുന്നു.<br>പ്രസ്തുത 9 ഗുണഭോക്താക്കളും ടി പദ്ധതി പ്രകാരം ധനസഹായം വിനിയോഗിച്ച് പണിതീർത്തിട്ടുള്ള പ്രസ്തുത വീടുകളിൽ ഇപ്പോൾ താമസിച്ചുവരുന്നതുമാണ്. വാസയോഗ്യമായ വീടില്ലാതിരുന്ന പ്രസ്തുത |

| | | | | |
|---|---|---|---|---|
| | | | | ഗുണഭോക്താളെ വീട് അനുവദിക്കുന്നതിനായി ഗ്രാമ സഭകൾ തിരഞ്ഞെടുത്തിരുന്നതാണ് . എന്നാൽ തീരെ പാവപ്പെട്ടവരായിരുന്ന പ്രസ്തുത ഗുണഭോക്താക്കൾക്ക് തങ്ങളുടെ കൈവശമുണ്ടായിരുന്ന ഭൂമി അവരുടെ പേരിൽ കൂട്ടി കരം അടക്കുന്നതിന് പലകാരണങ്ങളാൽ കഴിഞ്ഞിരുന്നില്ല. പ്രസ്തുത സ്ഥലം അവർക്കുതന്നെ സ്വന്തം പേരിൽ ലഭിക്കുമെന്ന ഉറപ്പുണ്ടായിരുന്നതിനാലാണ് തികച്ചും അർഹരായ ടി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിരുന്നത്. ഗ്രാമ സഭയിൽ അപേക്ഷ സമർപ്പിക്കുന്നവരുടെ കുടുംബത്തിനാണ് ധനസഹായം അനുവദി ക്കുന്നത് ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നവരുടെ പേര് ഗുണഭോക്താ ക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുകയും ടിയാൾ ഉൾപ്പെടുന്ന കുടുംബത്തിൽപെടുന്ന ആരുടെയെങ്കിലും പേരിൽ ഭൂമിയുണ്ടെങ്കിൽ വീടിനുള്ള ധനസാഹായം കുടുംബാംഗത്തിന്റെ പേരിൽ അനുവദിക്കുകയാണ് ചെയ്യുന്നതെന്നും ബോധിപ്പിക്കുന്നു. ഗുണഭോക്താക്കളുടെ ഭൂമി സംബന്ധമായ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.<br><br>(1)സന്തോഷ് കടുത്തിച്ചിറ –കോപ്പുഴ കോവിലകത്ത് ഗോദവർമ്മ തമ്പാൻ എന്നയാളിൽ നിന്നും സന്തോഷിന്റെ പിതാവ് രാജപ്പന് ലഭിച്ച സ്ഥലത്താണ് വീട് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ആയത് ടിയാന്റെ പേരിലേയ്ക്ക് പോക്കുവരവ് ചെയ്തിരുന്നില്ല. ഇപ്പോൾ ഭൂമി സന്തോഷിന്റെ പേരിലാക്കിയിട്ടുണ്ടെന്ന വിവരം അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.<br>(2) മനോഹരൻ,ഉള്ളാട്ടുപറമ്പ്– വസ്തു മനോഹരന്റെ |

| | | | | |
|---|---|---|---|---|
| | | | | അമ്മ കാർത്ത്യായനിയുടെ പേരിലാണ് ഉള്ളത് മനോഹരനും കുടുംബവും ഇപ്പോഴും ഇതേ വീട്ടിൽ തന്നെയാണ് താമസിക്കുന്നതെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ടി കെട്ടിടത്തിന് 12 –ാം വാർഡിൽ 262 നമ്പർ നൽകിയിട്ടുള്ളതുമാണ്.<br>(3) റോയി നികർത്തിൽ - അമ്മയുടെയും അമ്മയുടെ സഹോദരിമാരുടെയും പേരിലുള്ള വസ്തുവിലാണ് വീട് നിർമ്മിച്ചിട്ടുള്ളതെന്നും ടി വീട്ടിലാണ് റോയിയും കുടുംബവും ഇപ്പോൾ താമസിച്ചുവരുന്നതെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.<br>(4)ബുഷറ,തുവനാട്ടുവെളി - ബുഷറയുടെ ഭർത്താവായ ബാബുവിന്റെ അമ്മ ദേവകിയുടെ പേരിലാണ് വീട് നിർമ്മാണം നടന്നിട്ടുള്ള ഭൂമി. നിലവിൽ ടി വീട്ടിൽ ബുഷറയും കുടുംബവും താമസിക്കുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.<br>(5)രുഗ്മിണി,തൈക്കാട് ലക്ഷംവീട്- വസ്തു ഭർത്താവായ രഘുവരന്റെ പേരിലുള്ളതാണ്. രുഗ്മിണിയുടെയും രഘുവരന്റെയും മകനായ സുരേന്ദ്രനാണ് ടി വീട്ടിൽ ഇപ്പോൾ താമസിക്കുന്നതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.<br>(6) ശാസ്താഭായി ,മഞ്ജുളാലയം - വീടിന് ധനസഹായം നൽകിയ സമയത്ത് സ്ഥലം ഭർത്താവ് രാമാനന്ദപൈയുടെ പേരിലായിരുന്നുവെന്നും നിലവിൽ ശാസ്താഭായിയും കുടുംബവും ഇതേ വീട്ടിൽ തന്നെ താമസിക്കുന്നതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.<br>(7) ശ്രീധരകുറുപ്പ്, പരിമണത്ത് - ഭൂമി ടിയാന്റെ ഭാര്യയായ കനകമ്മയുടെ പേരിലാണെന്നും , ശ്രീധരൻ 2 വർഷം മുമ്പ് മരണപ്പെട്ടിട്ടുള്ളതാണെന്നും കനകമ്മയും കുടുംബവും ടി വീട്ടിൽ ഇപ്പോൾ താമസിച്ചുവരുന്നതായും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | | (8),പുഷ്ക്കരൻ.പല്ലുവേലി ഹരിജൻ കോളനി- ഭവന നിർമ്മാണത്തിനായി പഞ്ചായത്ത് നൽകിയിട്ടുള്ള പല്ലുവേലി ഹരിജൻകോളനിയിലുള്ള ഭൂമിയിൽ ഭവനം നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകിയിരുന്നത്. പഞ്ചായത്തിൽ നിന്നും ഗുണഭോക്താവിന് ഭൂമി അനുവദിച്ചപ്പോൾ നൽകിയ അനുവാദ പത്രികയാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നത് ടിയാന് കൈവശ ഭൂമിയ്ക്ക് ഇപ്പോൾ പട്ടയം ലഭിച്ചിട്ടുണ്ടെന്ന വിവരം അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.<br>(9)അപ്പു,പുത്തൻ വീട് – വീട് നിർമ്മാണം നടത്തിയ ഭൂമി വലിയപാറായിൽ സജിത്തിൽ നിന്നും ഗുണഭോക്താവ് വാങ്ങിയിരുന്നുവെങ്കിലും ആയത് പോക്കുവരവ് ചെയ്തിരുന്നില്ല. അപ്പു മരണപ്പെടുകയും സ്ഥലം ടിയാന്റെ ഭാര്യ കമലയുടെയും മകൾ സുലേഖയുടെയും കൈവശത്തിലാണ് പ്രസ്തുത വീട്ടിൽ ഇപ്പോഴും ഈ കുടുംബം താമസിച്ചുവരുന്നതായും ബോധിപ്പിക്കുന്നു. |
| 4 | ചിങ്ങോലി | | സാക്ഷരത-പദ്ധതി വിഹിതം വകമാറ്റി ചെലവഴിച്ചത് | പഞ്ചായത്ത് കമ്മിറ്റിയുടെ 6/12/14 ലെ IV(4) ാം നമ്പർ<br>**തീരുമാനം**<br>1. ചിങ്ങോലി ഗ്രാമപഞ്ചായത്ത് 1999-2000 വർഷം തുടർ സാക്ഷരത പ്രവർത്തനം വ്യാപിപ്പിക്കുകയും, തുടർ വിദ്യാകേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 15000/ രൂപ പദ്ധതി വിഹിതം ഉൾപ്പെടുത്തി അംഗീകരിച്ച പ്രോജക്ടിൽ സാക്ഷരതാ കേന്ദ്രത്തിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫർണീച്ചറുകൾ വാങ്ങുന്നതിന് തീരുമാനിക്കുകയും എന്നാൽ 1999-2000-ൽ സാക്ഷരതാ മിഷനിൽ നിന്നും സാക്ഷരതാ കേന്ദ്രങ്ങൾക്കാവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുകയുണ്ടായി. |

| | | | | |
|---|---|---|---|---|
| | | | | ആയതിനാൽ സാക്ഷരതാ കേന്ദ്രത്തിന് ഫർണിച്ച ആവിശ്യമില്ലാത്തതിനാലും . പഞ്ചായത്ത കോൺഫറൻസ്ഹാളിൽ ഫർണിച്ചറിന്റെ ആവിശ്യമുള്ളതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളതും എന്നാൽ ടി ഭേദഗതിയ്ക്ക് ജില്ല ആസൂത്രണസമിതിയുടെ അനുമതി വാങ്ങുന്നതിന് വിട്ടുപോയിട്ടുള്ളതുമാണ്. ടി ഫർണിച്ചറുകൾ ഇപ്പോഴും കോൺഫറൻസ് ഹാളിൽ ഉപയോഗിച്ചു വരുന്നതാണ്. ആയതിനാൽ പദ്ധതി ആരംഭിച്ച ആദ്യനാളുകളിൽ സംഭവിച്ച വീഴ്ച്ച മാപ്പാക്കി സാധൂകരണം നൽകണമെന്ന് ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിററിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. |
| 5 | കരുവാറ്റ | | 1. റോഡ് ഗ്രാവലിങ്ങ്-അധിക നിരക്ക്-16362/-<br><br>2. പിഴപ്പലിശ ഈടാക്കത്തത്-11743/- | 1. പബ്ലിക് മാർക്കറ്റ് - പടിഞ്ഞാറേകൂടത്ത് റോഡ് ഗ്രാവലിങ്ങിന് എസ്റ്റിമേറ്റെടുത്തത് ബി.എൽ.സ അംഗീകരിച്ച നിരക്കിലാണ്. ടി പ്രവൃത്തി ഭംഗിയായി പൂർത്തീകരിച്ചിരുന്നതും ആയത് ഗ്രാമപഞ്ചായത്തിന് ബോധ്യമുള്ളതുമാണ്. എം ബുക്കില് രേഖപ്പെടുത്തിയ അളവിലുള്ള ഗ്രാവൽ സ്ഥലത്ത് ഉപയോഗിച്ചിട്ടുള്ളതുമാണെന്ന അസിസ്റ്റന്റ് എൻജിനീയറുടെ മറുപടി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു. ടി തടസ്സം ഒഴിവാക്കി നൽകുന്നതിന് ബഹു.ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് കരുവാറ്റാ ഗ്രാമപഞ്ചായത്തിന്റെ 12.12.14 ലെ 7(1) നം. തീരുമാനപ്രകാരം അഭ്യർത്ഥിച്ചു തീരുമാനിച്ചു.<br><br>2. നികുതിദായകരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്ന തീയതി വ്യക്തമാക്കി ബഹു. സർക്കാർ സർക്കുലർ പുറപ്പടുവിച്ചത് 24-08-2000 ലാണ്. (സർക്കുലർ നം 51457/എൻ1/ത.ഭ.വ തീയതി 24.08.2000) |

| | | | | |
|---|---|---|---|---|
| | | | | സാങ്കേതികവിദ്യ ഇത്രയധികം വികസിതമല്ലാതിരുന്ന കാലയളവിൽ ഉത്തരവുകൾ ലഭ്യമാകുന്നതിലെ കാലതാമസം മൂല ജീവനക്കാർക്ക് പറ്റിയ ഒരു പിഴവെന്ന നിലയിലു 2013-14 വർഷം വരെ 100% നികുതി പിരിവ സാധ്യമാക്കിയ ഒരു പഞ്ചായത്തെന്ന നിലയിലും ടി പരാമർശം ഒഴിവാക്കി നൽകുന്നതിന ബഹു.ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് കരുവാറ്റാ ഗ്രാമപഞ്ചായത്തിന്റെ 12.12.14 ലെ 7(2 നം. തീരുമാനപ്രകാരംഅഭ്യർത്ഥിച്ചു തീരുമാനിച്ചു |
| | | | 3. താറാവ് വിതരണം-വകമാറ്റി ചെലവഴിച്ചത്-75240/- | 3. ടി തുക താറാവ് വളർത്തൽ എന്ന പദ്ധതിക്ക് ചെലവഴിച്ചിട്ടുള്ളതാണ്. ഇന്ന് കരുവാറ്റ ഗ്രാമപഞ്ചായത്ത് കുട്ടനാട്ടിലെ താറാവ് കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമാണ്. ഗുണഭോക്തൃവിഹിതമായി അടച്ച തുക ഉപയോഗിക്കാതെ പ്ലാൻഫണ്ടിൽ നിന്നു തന്നെ തുക നല്കിയത് പിഴവാണെങ്കിലും ടി പദ്ധതി ഫലപ്രദമായി നടപ്പാക്കിയതായി ഗ്രാമപഞ്ചായത്തിന് ഉത്തമ ബോധ്യമുള്ളതിനാലും ജി.ഒ(പി) നം381/2003/ഫിൻ തീയതി 09.07.2003 പ്രകാരം ഈ അക്കൗണ്ടുകൾ മരവിപ്പിച്ചതിനാലും ടി പരാമർശം ഒഴിവാക്കി നൽകുന്നതിന് ബഹു.ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് കരുവാറ്റാ ഗ്രാമപഞ്ചായത്തിന്റെ 12.12.14 ലെ 7(3) നം. തീരുമാനപ്രകാരം അഭ്യർത്ഥിച്ചു തീരുമാനിച്ചു |
| | | | 1. കമ്പ്യൂട്ടർ പരിശീലനം-അധികം നൽകിയ തുക-23125/- | 1. വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം എന്ന പദ്ധതിയിൽ പരിശീലനം ലഭിച്ച വനിതകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവരും സാമ്പത്തികമായി ദുർബല |

| | | | | |
|---|---|---|---|---|
| | | | | വിഭാഗത്തിൽപ്പെട്ടവരുമായിരുന്നു.ആയത് ഗ്രാമപഞ്ചായത്തിന് ബോധ്യമുള്ളതാണ്. വിവരസാങ്കേതിക വിദ്യ ജനകീയമാക്കുന്നതിന് സഹായിച്ച ഒരു പദ്ധതിയെന്ന നിലയിൽ ടി വീഴ്ച മാപ്പാക്കി നൽകുന്നതിനും അധികമായി നൽകിയ തുക രൂ.2625/- മാത്രം ഈടാക്കി ടി തടസ്സം ഒഴിവാക്കി നൽകുന്നതിനും ബഹു.ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് കരുവാറ്റാ ഗ്രാമപഞ്ചായത്തിന്റെ 12.12.14 ലെ 7(4) നം. തീരുമാനപ്രകാരംഅഭ്യർത്ഥിച്ചു തീരുമാനിച്ചു |
| | | | 1. വനിതാസ്വാശ്രയസംഘം ലക്ഷ്യം<br>കൈവരിച്ചില്ല–50000/- | 2. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന 13 സ്വാശ്രയ സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ഇതിന് മാച്ചിംഗ് ഗ്രാന്റാണ് നൽകിയത് ആയത് ഭരണസമിതിക്ക് ഉത്തമ ബോധ്യമുള്ളതാണ്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി നൽകുന്നതിന് ബഹു.ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് കരുവാറ്റാ ഗ്രാമപഞ്ചായത്തിന്റെ 12.12.14 ലെ 7(5) നം. തീരുമാനപ്രകാരംഅഭ്യർത്ഥിച്ചു തീരുമാനിച്ചു |
| | | | 2. മെതിയന്ത്രം–രസീതില്ല–60909/- | 3. ടി മെതിയന്ത്രം കൃഷി ഓഫീസർ ഗ്രാമപഞ്ചായത്തിന് കൈമാറിയതായിട്ടാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. ടി വിവരം 12.12.2014 ൽ കൂടിയ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. പഞ്ചായത്തിൽ സൂക്ഷിച്ചിരുന്ന മെതിയന്ത്രം അടിയന്തിര സാഹചര്യത്തിൽ കരുവാറ്റ ഗ്രാമപഞ്ചായത്തിലെ പാടശേഖരത്തിന് കൈമാറിയതായിട്ടാണ് കമ്മിറ്റിയിൽ അഭിപ്രായമുണ്ടായത്. ആയത് ഒരു സബ്കമ്മിറ്റിയെ വെച്ച് പ്രാദേശീക പരിശോധന നടത്തി കണ്ടെത്തുന്നതിനും ടി യന്ത്രം |

| | | | | |
|---|---|---|---|---|
| | | | | കാർഷികാവശ്യത്തിനു ഗ്രാമ ഉപയോഗപ്പെടുത്തിയെന്ന് ഗ്രാമപഞ്ചായത്തിന് അഭിപ്രായമുള്ളതിനാലും ടി പരാമർശം ഒഴിവാക്കി നൽകുന്നതിന് ബഹു.ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് കരുവാറ്റാ ഗ്രാമപഞ്ചായത്തിന്റെ 12.12.14 ലെ 7(6) നം. തീരുമാനപ്രകാരം അഭ്യർത്ഥിച്ചു തീരുമാനിച്ചു |
| 6 | തിരുവൻവണ്ടൂർ | | 1. പിഴപ്പലിശ ഈടാക്കാത്തത്–123802/–<br><br>2. മുൻകൂർ നൽകിയ പണി പൂർത്തീകരിക്കാത്തത്–73218/–<br><br>3. കിണർ നിർമ്മാണം–അപാകത–148524/– | 1. വിവിധ നികുതികൾ പിരിച്ചപ്പോൾ ഈടാക്കുന്നതിൽ കുറവു വന്ന പിഴ പലിശ ഇനത്തിൽ ആകെ 123802/– രൂപ നഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്. ആയതിന് ഉത്തരവാദികളായ 14 പേർക്ക് 7/12/14 ലെ എ4–4321/14–ാം നമ്പർ കത്ത് പ്രകാരം ടി തുക തിരിച്ചടവ് നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്<br><br>2. പ്രോജക്റ്റ് നമ്പർ 42/98–99 പ്രകാരം പഴയനാളുകളിപ്പടി ഐക്കരപ്പള്ള റോഡ് പണിക്ക് 2 പേർക്ക് തുക നൽകിയിട്ടും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ 36685/– രൂപ 18% പിഴ പലിശ സഹിതം ശ്രീ.പി.എ.തോമസിൽ നിന്നും ഈടാക്കുന്നതിന് വീണ്ടും ഇതേ പ്രവർത്തിക്ക് 36533/– രൂപ കൈപ്പറ്റിയ കൺവീനറായ ശ്രീ.ഷാജി.പി.തോമസ് എന്നയാളുടെ പക്കൽ നിന്നും ടി തുക ഈടാക്കുന്നതിന് 7/12/2014 ലെ എ4–4321/14–ാം നമ്പർ കത്ത് പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>3. കിണർ നിർമ്മാണ പ്രോജക്റ്റിൽ പദ്ധതി വിഭാവനം ചെയ്ത പ്രകാരം ഗുണഭോക്താക്കൾക്ക് നൽകാതെ സ്വകാര്യ വ്യക്തികൾക്ക് 148524/– രൂപ നൽകിയത് |

| | | | | |
|---|---|---|---|---|
| | | | | സംബന്ധിച്ച് അന്നത്തെ സെക്രട്ടറിയായ ശ്രീമതി.എ.കമലമ്മയിൽ നിന്നും ഈടാക്കുന്നതിലേക്കായി 7/12/14 ലെ എ4-4321/14-ാം നമ്പർ കത്ത് പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | | 4. ചുറ്റുമതിൽ നിർമ്മാണം-69582/- | 4. തിരുവൻവണ്ടൂർ ഗവ.എൽ.പി.സ്ക്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച് നഷ്ടമായ 69582/- രൂപയിൽ പി.ഡബ്ല്യു.ഡി അസി.എക്സിക്യൂട്ടിവ് എഞ്ചിനീയറിൽ നിന്ന് 34791/- രൂപയും മുൻ സെക്രട്ടറി ശ്രീ.എസ് ബാലകൃഷ്ണപിള്ളയിൽ നിന്നും 34791/- രൂപയും തിരികെ ഈടാക്കുന്നതിന് 7/12/14 ലെ എ4-4321/14-ാം നമ്പർ കത്ത് പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്, |
| 7 | പത്തിയൂർ | | 1. കൃഷി-ഗുണഭോക്തൃവിഹിതം ഈടാക്കാത്തത്-19985/-<br><br>2. അധിക സബ്സിഡി വിതരണം-40213/- | 1. 1999-2000 എൽ.എഫ്.എ റിപ്പോർട്ടിലെ ഖണ്ഡിക 34 കൃഷി- ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സം സംബന്ധിച്ച അജണ്ട അടുത്ത പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയിൽ വച്ചിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br>2. 1999-2000 വർഷത്തിലെ എൽ എഫ് എ റിപ്പോർട്ട് ഖണ്ഡിക നമ്പർ 36 അധിക വേതനം സബ്സിഡി വിതരണം സംബന്ധിച്ച ആഡിറ്റ് പരാമർശം ഒഴിവാക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 11.04.11 ലെ എൽ.എഫ്.പി 7-7/2009 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതായി |

| | | | | |
|---|---|---|---|---|
| | | | | ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 8 | രാമങ്കരി | | 1. പദ്ധതി നിർവ്വഹണം-അധികം ചെലവഴിച്ചത്-20254/-<br><br>2. സ്കൂൾ-മണ്ണ് ഫില്ലിങ്ങ്-12767 | 1. രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2000-2001 വർഷത്തെ എൽ എഫ് എ റിപ്പോർട്ട് ഖണ്ഡിക നമ്പർ 25 പ്രകാരം പദ്ധതി നിർവ്വഹണച്ചെലവിനായി അധികം ചെലവഴിച്ചത് സംബന്ധിച്ച ആഡിറ്റ് പരാമർശം 28/10/2005 ലെ എൽ എഫ് എ 10/125/2005 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.<br><br>2. 2000-2001 വർഷത്തെ എൽ എഫ് എ റിപ്പോർട്ട് ഖണ്ഡിക നമ്പർ 28 സ്കൂൾ-മണ്ണ് ഫില്ലിംഗ് എന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽഎഫ് ജി എ -5/1832/2011 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 9 | ചേർത്തല സൗത്ത് | | 1. ഉഴവ് യന്ത്രം -വാടക സംബന്ധിച്ച്-125995/- | 1. 2000-01 വർഷത്തെ ഖണ്ഡിക 25 ഉഴവ് യന്ത്രം -വാടക സംബന്ധിച്ച ആഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 28.01.2012 ലെ അദാലത്ത് തീരുമാനപ്രകാരം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലെന്നും ടി യന്ത്രം വാടകയ്ക്ക് നൽകിയ ഇനത്തിൽ വരവ് വയ്ക്കേണ്ട 125995 രൂപ ഉത്തരവാദിയായവരിൽ നിന്നും എത്രയും വേഗം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ |

| | | | | |
|---|---|---|---|---|
| | | | | ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി കാലയളവിലെ സെക്രട്ടറി ശ്രീ.എ.പി..പരമേശ്വരന് ടി തുക അടിയന്തിരമായി ഒടുക്കുന്നതിന് 05/12/2014 ലെ എ1 7663/14 -ാം നമ്പർ രജിസ്റ്റേഡ് കത്ത് നൽകിയിട്ടുണ്ട്. |
| | | | 2. വോട്ടർ പട്ടിക അധിക നിരക്ക്-39085/- | 2. 2000-01 വർഷത്തെ വണ്ഡിക 25 വോട്ടർ പട്ടിക അധിക നിരക്ക് സംബന്ധിച്ച ആഡിറ്റ് പരാമർശം 28.01.2012 ലെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ അദാലത്ത് തീരുമാനപ്രകാരം ചെലവിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ.പി.പരമേശ്വരനിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട് ആയത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നടപടി സ്വീകരിക്കുന്നതിന് 05/12/2014 ലെ എ1/7663/14 നമ്പർ കത്ത് നൽകിയിട്ടുണ്ട്. ആയത് ആഡിറ്റ് സൂപ്പർവൈസറുടെ അന്വേഷണത്തിനായി 17/12/2014 ൽ എ3.258.02 /14 നമ്പർ കത്ത് പ്രകാരം അയച്ചിട്ടുണ്ട്. |
| | | | 3. റെഡിമെയ്ഡ് യൂണിറ്റ്-126375/ | 3. 2000-01 വർഷത്തെ വണ്ഡിക 25 റെഡിമെയ്ഡ് യൂണിറ്റ് എന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21/08/2014 ലെ അദാലത്ത് തീരുമാനപ്രകാരം തുടർ അന്വേഷണം നടത്തി ക്രമവിരുദ്ധമായി ചെലവഴിച്ച് തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികളുടെ ഗുണഭോക്താക്കളായ 11 പേർക്ക് തുക തിരികെ |
| 10 | ക... | | | |

| | | | | |
|---|---|---|---|---|
| | | | | അടയ്ക്കുന്നതിന് 05/12/2014 ൽ എ1/7663/14 -ാം നമ്പർ രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | | 4.പമ്പ് സെറ്റ് വിതരണം -21450/- | 4. 2000-01 വർഷത്തെ ഖണ്ഡിക 45(2) പമ്പ് സെറ്റ് വിതരണം എന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച് 28.01.2012 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് അദാലത്ത്തീരുമാന പ്രകാരം വിശദമായ തുടർ അന്വേഷണം നടത്തി ക്രമവിരുദ്ധമായി ഈടാക്കിയ തുക തിരികെ അടക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 29.09.2000 ലെ കമ്മിറ്റിയിൽ പങ്കെടുത്ത പ്രസിഡന്റടക്കം 8 മെമ്പർമാർ ക്കും കൃഷി ഓഫീസർക്കും 08/12/2014 ൽ എ1/7663/14 നമ്പർ രജിസ്റ്റേഡ് നോട്ടീസ് നൽകിയിട്ടുണ്ട് |
| | | | 5. കുഴൽകിണർ വിതരണം-16275/- | 5. ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 28.01.2012 ലെ അദാലത്ത് തീരുമാനപ്രകാരം തുടർ നടപടികൾക്കായി ഭരണവകുപ്പിന് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഭരണ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പിന് 08/12/2014 ന് എ1/7663/14-ാം നമ്പർ കത്ത് നൽകിയിട്ടുണ്ട്.ആയത് ആഡിറ്റ് സൂപ്പർവൈസറുടെ അന്വേഷണത്തിനായി 17/12/2014 ൽ എ3.258.02(9)/14 നമ്പർ കത്ത് പ്രകാരം അയയ്ച്ചിട്ടുണ്ട്. |
| 10 | കഞ്ഞിക്കുഴി | | 1. ചെലവ് വിവരം ഇല്ല-61448/- | 1. ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. സി.കെ. |

| | | | | |
|---|---|---|---|---|
| | | | | മനോഹരനിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കുന്നതിനായി ബഹു. ആലപ്പുഴ ജില്ലാ കളക്ടർക്ക് 11.10.2011 ലെ ആർ.ആർ/2011/4971/4 പ്രകാരം ഓൺ ലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. 19.12.2011 ലെ സംസ്ഥാന മോണിറ്ററിംഗ് സമിതിയുടെ തീരുമാന പ്രകാരം 2012 ൽ ആലപ്പുഴ ജില്ലയിൽ നടത്തിയ ഓഡിറ്റ് അദാലത്തിൽ ടി ബാധ്യതയിലുള്ള നഷ്ടം ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ആർ നടപടിയുടെ പുരോഗതി അറിയുന്നതിനായി ബഹു.ജില്ലാകലക്ടർക്ക് 12.12.2014 തീയതി എ1 4113/14 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്. |
| | | | 2. ഭവനം അനർഹർക്ക് നൽകിയ തുക-72000/ | 2. 19.12.2011 ലെ സംസ്ഥാന മോണിറ്ററിംഗ് സമിതിയുടെ തീരുമാന പ്രകാരം 2012 ൽ ആലപ്പുഴജില്ലയിൽ നടത്തിയ ഓഡിറ്റ് അദാലത്തിൽ സെക്രട്ടറിയുടെ ആവശ്യമായ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിനായി ഭരണവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 11.12.2014 തീയതിയിലെ IX-ാം നമ്പർ തീരുമാനം സഹിതം ബഹു.ആലപ്പുഴ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.ആയത് ആഡിറ്റ് സൂപ്പർ വൈസറുടെ അന്വേഷണത്തിനായി 17/12/2014 ലെ 312/02 നമ്പർ കത്ത് നൽകിയിട്ടുണ്ട്. |
| | | | 3. രേഖകൾ ഹാജരാക്കിയില്ല-50923/- | 3. 2012 ൽ ആലപ്പുഴ ജില്ലയിൽ നടത്തിയ ഓഡിറ്റ് അദാലത്തിൽ ആവശ്യമായ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | 4. കൃഷി-മോട്ടോർ വാങ്ങിയതിലെ അപാകത-59544/- | ഭരണവകുപ്പിനെ ചുമതലപ്പെടുത്തി യിട്ടുള്ളതാണ് കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 11.12.2014 തീയതിയിലെ IX-ാം നമ്പർ തീരുമാനം സഹിതം ബഹു.ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ് ആയത് ആഡിറ്റ് സൂപ്പർവൈസറുടെ അന്വേഷണത്തിനായി 17/12/2014 ലെ 312/02 നമ്പർ കത്ത് നൽകിയിട്ടുണ്ട്.<br>4. ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. ... മനോഹരനിൽ നിന്നും റവന്യു റിക്കവറി പ്രകാരം തുക ഈടാക്കുന്നതിനായി ബഹു. ആലപ്പുഴ ജില്ലാ കളക്ടർക്ക് 11.10.2011 ലെ ആർ.ആർ/2011/4971/ പ്രകാരം ഓൺ ലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. 19.12.2011 ലെ സംസ്ഥാന മോണിറ്ററിംഗ് സമിതിയുടെ തീരുമാന പ്രകാരം 2012 ൽ ആലപ്പുഴ ജില്ലയിൽ നടത്തിയ ഓഡിറ്റ് അദാലത്തിൽ ഖണ്ഡികയിലുള്ള നഷ്ടം ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ് ആർ.ആർ നടപടിയുടെ പുരോഗതി അറിയുന്നതിനായി ബഹു.ജില്ലാകളക്ടർക്ക് 12.12.2014 തീയതി എ1 4113/14 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്. |
| 11 | വയലാർ | | കൃഷി-ചെലവ് രേഖകൾ ഹാജരാക്കാത്തത്-15070/- | 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് സമാഹൃത റിപ്പോർട്ട് 1997-98 വർഷത്തെ ഖണ്ഡികയുടെ പകർപ്പ് വയലാർ കൃഷി ഓഫീസർക്ക് മറുപടി രേഖാമൂലം നൽകുന്നതിന് വേണ്ടി 08.12.2014 ൽ സി1-6895/14-ാം നമ്പരായി രേഖാമൂലം കത്ത് നൽകിയിട്ടുണ്ട് എന്നുള്ള വിവരം സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 12 | പാലമേൽ | | 1. കാർഷിക പദ്ധതിയിലെ അപാകതകൾ-122004/-<br><br>2. വിനോദനികുതി -സമാന്തരടിക്കറ്റ് വിറ്റത്-65748/- | 1. 1999-2000 കാലഘട്ടത്തിൽ പാലമേൽ കൃഷി ഓഫീസറായിരുന്ന ശ്രീ. ജെ. സജീവിൽ നിന്നും 122004/- രൂപ റവന്യൂറിക്കവറി നടപടി പ്രകാരം ഈടാക്കി മാവേലിക്കര സബ്ട്രഷറിയിൽ 14/02/2013 ലെ 224-ാം നമ്പർ ചെല്ലാൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റ് ഫണ്ടിലേക്ക് അടച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.<br><br>2. 1999-2000 കാലഘട്ടത്തിൽ പാലമേൽ കൃഷി ഓഫീസറായിരുന്ന ശ്രീ. ജെ. സജീവിൽ നിന്നും 31000/ രൂപ റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കി മാവേലിക്കര സബ്ട്രഷറിയിൽ14/02/2011 ലെ നമ്പർ ചെല്ലാൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റ് ഫണ്ടിലേക്ക് അടച്ചിട്ടുണ്ടെന്നും (122004-31000) ബാക്കി തുക 91004/- (604+12000+78400) തുക ഈടാക്കുന്നതിനായി 11/12/2014 ലെ രജിസ്റ്റേഡ് തപാൽ നമ്പർ സി2-402/14പ്രകാരം അയച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| 13 | മാന്നാർ | | 1. സർക്കാർ നിബന്ധന പാലിക്കാത്ത മരാമത്ത് പണി-291133/-<br><br>2. പുഷ്പകൃഷി- | 1. ബഹു.ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 31/01/2012ലെ എൽ.എഫ്.എ.ജി 5/1832/2011 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുള്ളതായി മാന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2. ബഹു.ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ |

| | | | | | |
|---|---|---|---|---|---|
| | | | | അപാകത-224700/- | 31/01/2012ലെ എൽ.എഫ്.എ.ജി 5/1832/2011 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുള്ളതായി മാന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 14 | അരൂർ | | | 1. തൊഴുത്ത് നിർമ്മാണം-അനർഹർക്ക് നൽകിയ തുക-32000/-<br><br>2. തൊഴുത്ത് നിർമ്മാണം-അനർഹർക്ക് നൽകിയ തുക(എസ്.സി.പി)-58000/- | 1. വെറ്റനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ കാലിത്തൊഴുത്ത് നിർമ്മാണം പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് 77 പേർ ഉൾപ്പെട്ടതിൽ നിന്നും ഉള്ള ഗുണഭോക്താക്കളെ ഒഴിവാക്കി 16 പേരെ ഉൾപ്പെടുത്തിക്കൊണ്ട് അനർഹർക്ക് ആനുകൂല്യം നൽകിയതുവഴി 16 പേർക്ക് 2000/- രൂപ നിരക്കിൽ നൽകിയ 32000/- രൂപ പ്രസിഡന്റിന്റെ പക്കൽ നിന്നും ഈടാക്കാൻ 1999-2000 ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 37 പ്രകാരം പരാമർശിച്ചിരിന്നു പ്രസ്തുത സമയത്ത് പ്രസിഡന്റായിരുന്ന ശ്രീ. ഇ എം ജോസഫ് മരണപ്പെട്ടു പോയതിനാലും ടിയാന്റെ കുടുംബം സാമ്പത്തികമായി വളരെ വിഷമാവസ്ഥയിലാണെന്ന് കമ്മിറ്റിക്ക് ഉത്തമ ബോദ്ധ്യപ്പെട്ടുള്ളതിനാലും പ്രസ്തുത ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് 20/11/2014ലെ XIII(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.<br><br>2. വെറ്റനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ കാലിത്തൊഴുത്ത് നിർമ്മാണം (എസ് സി പി) പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ 21 പേർ ഉൾപ്പെട്ടതിൽ നിന്നും ഉള്ള ഗുണഭോക്താക്കളെ ഒഴിവാക്കി 19 പേരെ ഉൾപ്പെടുത്തിക്കൊണ്ട് അനർഹർക്ക് ആനുകൂല്യം നൽകിയതുവഴി 19 |

| | | | | |
|---|---|---|---|---|
| | | | | പേർക്ക് 2000/- രൂപ നിരക്കിൽ നൽകിയ 38000/- രൂപ പ്രസിഡന്റിന്റെ പക്കൽ നിന്നും ഈടാക്കാൻ 1999-2000 ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 38 പ്രകാരം പരാമർശിച്ചിരിന്നു പ്രസ്തുത സമയത്ത് പ്രസിഡന്റായിരുന്ന ശ്രീ. ഇ എം ജോസഫ് മരണപ്പെട്ടു പോയതിനാലും ടിയാന്റെ കുടുംബം സാമ്പത്തികമായി വളരെ വിഷമാവസ്ഥയിലാണെന്ന് കമ്മിറ്റിക്ക് ഉത്തമ ബോദ്ധ്യപ്പെട്ടുള്ളതിനാലും പ്രസ്തുത ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് 20/11/2014-ലെ XIII(2) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. |
| 15 | ചെപ്പാട് | | 1. പിഴപ്പലിശ ഈടാക്കാത്തത്-52862/- | 1. ഖണ്ഡിക 2.18-ലെ പരാമർശം ഒഴിവാക്കി നൽകുന്നതിന് ഈ ആഫീസിലെ 11/12/2014-ലെ സി1-4604/14-ാം നമ്പർ കത്ത് പ്രകാരം ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. 20/12/2014 ന് കൂടുന്ന ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് സമർപ്പിക്കുന്നതാണ്. |
| | | | 2. റോഡ്-സർക്കർ ഉത്തരവ് ലംഘിച്ച് പണം നൽകിയത്-48018/- | 2. മേൽ ഖണ്ഡിക 2.20-ൽ പരാമർശിച്ചിട്ടുള്ള തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.കെ.ഗോപി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജി. കല്ല്യാൺകൃഷ്ണൻ എന്നിവർക്ക് 11.12.2014-ലെ സി1-4604/14-ാം നമ്പർ കത്തു പ്രകാരം നൽകിയിട്ടുണ്ട് എന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| 16 | തണ്ണീർമുക്കം | | 1. പിഴപ്പലിശ അടയ്ക്കാത്തത്-27420/ | 1. പിഴപ്പലിശ ഈടാക്കാതിരുന്നത് സംബന്ധിച്ച് - 27429 രൂപ- ശ്രീ, കെ സോമൻ 549 രൂപയും ശ്രീമതി കെ കെ സുശീല 8640 രൂപയും യഥാക്രമം അടച്ച് |

| | | | | |
|---|---|---|---|---|
| | | | | നമ്പർ 86/46229, 11.12.2006, 90/16619,18.02.2015 പ്രകാരം ഒടുക്കിയ ിട്ടുണ്ട്. മറ്റ് ജീവനക്കാരായ ശ്രീ അരവിന്ദാക്ഷൻ നായർ, ശ്രീ.എൻ മനോഹരൻ,ശ്രീ സുരേഷ് ബാബു എന്നിവർ അടിത്തുക ഒറ്റ പിരിഞ്ഞതിനാലും പിന്നീട് പല വർഷങ്ങളിലും സർക്കാർ തന്നെ പിഴപ്പലിശ ഈടാക്കുന്നതിന് ഇളവ് അനുവദിച്ചും ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് . ബഹു. ജില്ലാ ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടിഡയറക്ടറുടെ 21.04.2012 ലെ എൽ എഫ് ജി 1832/11 നമ്പർ കത്തിൽ ടി പരാമർശം ഭരണവകുപ്പിന് ശുപാർശ ചെയ്തിട്ടുള്ളതിനാൽ പരിശോധനയ്ക്കായി പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് 12.12.2014 ലെ ബി 12167/14 കത്ത് പ്രകാരം നൽകിയിട്ടുണ്ട്. |
| | | | 2. വിത്ത് വിതരണ അപാകത-32121/- | 2. വിത്ത് വിതരണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 32121/- രൂപ അന്നത്തെ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി നൽകുന്നതിന് 16.12.2014 ലെ ബി/ 12167/14 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസറോട് അഭ്യർത്ഥിച്ചിട്ടുണ്ട് |
| | | | 3. നെൽകൃഷി വിതരണം-അപാകത-26789/- | 3. നെൽകൃഷി വിതരണവുമായി ബന്ധപ്പെട്ട് ആഡിറ്റ് തടസ്സപ്പെടുത്തിയ 26789/- രൂപ അന്നത്തെ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി നൽകുന്നതിന് 16.12.2014 ലെ ബി/ 12167/14 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസറോട് അഭ്യർത്ഥിച്ചിട്ടുണ്ട് |
| | | | 4. മണ്ഡരി രോഗനിയന്ത്രണം-162369/- | 4. മണ്ഡരി രോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് ആഡിറ്റ് തടസ്സപ്പെടുത്തിയ 162369/- രൂപ അന്നത്തെ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി |

| | | | | |
|---|---|---|---|---|
| | | | | നൽകുന്നതിന് 16.12.2014 ലെ ബി/ 12167/14 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസറോട് അഭ്യർത്ഥിച്ചിട്ടുണ്ട് |
| | | | 5. ധനസഹായം നൽകിയത്-50000/- | 5. ഈ തുക വനിതാക്ഷേമ - സാമൂഹികക്ഷേമ വിഷയസമിതി അംഗങ്ങളായ 1. വിജയചന്ദ്രിക, ഇടക്കന്താട്ട്, മാരാരിക്കുളം വടക്ക് പി ഒ, ആലപ്പുഴ, 2. എഫ് മനോരമ ഭായ്, സി ഡി പി ഒ, കഞ്ഞിക്കുഴി ശ്രീമതി, ബീനാനാടേശ് , കൃഷി ഓഫീസർ, ചേർത്തല തെക്ക് എന്നിവരിൽ നിന്നും ഈടാക്കുന്നതിന് 16.12.2014 ലെ ബി/ 12167/14 നമ്പർ കത്ത് പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട് എന്നവിവരം അറിയിച്ചുകൊള്ളുന്നു. |
| | | | 6. മരാമത്ത് പണി-രേഖകൾ ഇല്ല-41700/- | 6. ടാഗോർ കോളനിയിൽ വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും അത് ഇപ്പോഴും ഉപയോഗിച്ച് വരുന്നതുമാണ്. ബഹു. ജില്ലാ ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 21.04.2012 ലെ എൽ എസ് ജി 1832/11 നമ്പർ കത്തിലൂടെ ടി പരാമർശം ഭരണവകുപ്പിന് ശുപാർശ ചെയ്തിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കണമെന്ന് ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസറോട് 12.12.2014 ലെ ബി 12167/14 കത്ത് പ്രകാരം നൽകിയിട്ടുണ്ട് എന്നവിവരം അറിയിച്ചുകൊള്ളുന്നു. |
| 17 | ചെറുതന | | 1. സ്ഥലം നികത്തൽ അധികം നൽകിയ തുക-15762/- | 1. 1999-2000 വർഷത്തെ എൽ എഫ് എ റിപ്പോർട്ടിലെ സ്ഥലം നികത്തൽ അധികം നൽകിയ തുക എന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച് 06/01/2011 ലെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ |

| | | | | |
|---|---|---|---|---|
| | | | | 6/1/2011 ലെ എൽ.എഫ്.പി.6 -1439/10 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| | | | 2. ഇലക്ട്രിക്കൽ സാധനം വാങ്ങിയത്-13218/- | 2. 1999-2000 വർഷത്തെ എൽ എഫ് എ റിപ്പോർട്ട് ഇലക്ട്രിക്കൽ സാധനം വാങ്ങിയത് എന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച് 31/01/2012 ലെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെഎൽ.എഫ്.എ5-1832/2011 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 18 | തലവടി | | 1. മൈത്രി ഭവനം - അനർഹർക്ക് അടച്ച തുക-37500/- | 1. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയാണ് 2 പേരുടെ തുക ആയ 250000/- രൂപ ഹൗസിംഗ് ബോർഡിൽ ഒടുക്കിയത്. ആയത് ഒറ്റയായി കണക്കാക്കുവാൻ കഴിയാത്ത സാഹചര്യത്തിലും ഹൗസിംഗ് ബോർഡിൽ നിന്നും ടി തുക തിരികെ ലഭിക്കുവാൻ 07/10/2013 ൽ സി2 25/2002 നമ്പർ കത്ത് നൽകിയിട്ടുണ്ട്. |
| | | | 2. മൈത്രി ഭവനം-മാനദണ്ഡമില്ലാതെ നൽകിയ തുക-61931/- | 2. ഹൗസിംഗ് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ വീട് നിർമ്മിക്കുന്നതിൽ 28000/-രൂപ അപര്യാപ്തമായതിനാലാണ് 3643/- രൂപ അധികമായി അനുവദിച്ച് നൽകിയത്. ആയത് ഡി.പി.സി അംഗീകരിച്ചിട്ടുള്ളതാണെന്നുള്ളതും കൂടി കണക്കിലെടുത്ത് സദുദ്ദേശത്തോട് കൂടി ചെയ്ത ടി നടപടി അംഗീകരിച്ചു ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് 28/11/14 തീയതിയിലെ 12(2) നമ്പർ തീരുമാനം പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.<br>3. ജനങ്ങൾ അധികവും സാമ്പത്തികമായി |

| | | | | |
|---|---|---|---|---|
| | | | 3. മൈത്രിഭവനം -മാനദണ്ഡമില്ലാതെ നൽകിയ തുക(ജനറൽ)–234290/– | പിന്നോക്കം നിൽക്കുന്ന പ്രദേശമായതിനാലാണ് സബ്സിഡി ഇനത്തിൽ തുക അനുവദിച്ച് പോയിട്ടുള്ളത്. കൂടാതെ ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ളത് കൂടി പരിഗണിച്ച് ടി ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് 28/11/14 തീയതിയിലെ 12(3) നമ്പർ തീരുമാനം പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |
| 19 | കൈനകരി | | 1. കൊതുക് നിവാരണം ചെലവ് രേഖകൾ ഇല്ലാത്തത്–50000/– | 1. കൈനകരി ഗ്രാമപഞ്ചായത്തിലെ 1999 – 2000 ലെ വാർഷിക പദ്ധതിയിൽ സേവന മേഖലയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കൊതുകുനിവാരണം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ വിനിയോഗം സമബന്ധിച്ച രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല എന്ന നിഗമനത്തിൽ നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ നിന്നും 50000/- രൂപ ഈടാക്കാൻ 2009–10 ലെ ആഡിറ്റിലെ 18 – ാം നമ്പർ ഖണ്ഡിക കമ്മിറ്റി വായിച്ച് ചർച്ച ചെയ്തു. ഉത്തരവാദിയായ സെക്രട്ടറി ശ്രീ.ജോർജ്ജ് ജേക്കബിന് ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പും, ആർആർ നോട്ടീസും ലഭ്യമായ മേൽവിലാസത്തിൽ അയച്ചുനൽകിയിട്ടും ടിയാൻ കൈപ്പറ്റാതെ മടങ്ങി വന്നിട്ടുള്ളതാണ്. മുൻ തീരുമാന പ്രകാരം ഈടാക്കൽ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശ കാലയളവിൽ കുട്ടനാടിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ച് കൈനകരി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലും കൊതുകു ജന്യ രോഗങ്ങളായ ജപ്പാൻ ജ്വരവും, മലമ്പനിയും വ്യാപകമായി പടർന്നു പിടിച്ചിരുന്നു. ഇതിന്റെ പ്രതിരോധത്തിനായി |

| | | | | |
|---|---|---|---|---|
| | | | | മാത്രമാണ് ഈ തുക പിൻവലിച്ച് ചെലവഴിക്കപ്പെട്ടത് എന്ന് മുൻഭരണസമിതി അംഗങ്ങളിൽ നിന്ന് ആരാഞ്ഞ് അറിഞ്ഞിട്ടുണ്ട്. വ്യക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി എന്നതിൽ തർക്കമില്ലാത്തതിനാലും, ആയത് കൊണ്ട് ഗണ്യമായ രീതിയിൽ കൊതുകു നിവാരണം നടത്താനായതും സ്മരണീയമാണ്. രേഖകൾ തയ്യാറാക്കി വയ്ക്കുന്നതിലെ പാകപ്പിഴ നിർവ്വഹണഉദ്യോഗസ്ഥന് സംഭവിച്ചു എന്നത് വിലയിരുത്തി മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുത് എന്ന് ശാസിച്ച് കൊണ്ടും ഖണ്ഡിക പ്രകാരമുള്ള ശുപാർശ ഒഴിവാക്കി നൽകുന്നതിന് ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് 10/12/2014 തീയതി നടന്ന അടിയന്തിര മീറ്റിംഗിലെ XV (7) ാം നമ്പർ തീരുമാനം ഈ യോഗം ഐകകണ്ഠേന അഭ്യർത്ഥിച്ച് തീരുമാനിച്ചു |
| | | | 2. മൈത്രി ഭവനം-അധികം നൽകിയ തുക-150000/- | 2. കൈനകരി ഗ്രാമപഞ്ചായത്തിൽ 1999-2000 വർഷം ദുർബലവിഭാഗങ്ങൾക്ക് ഭവനം ആർജ്ജിക്കുന്നതിലേക്കായി സർക്കാർ നിർദ്ദേശ പ്രകാരം കേരള ഭവന നിർമ്മാണ ബോർഡ് മൈത്രി ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഭാഗമായി കൈനകരി ഗ്രാമപഞ്ചായത്തിലും പദ്ധതിയിൽപ്പെടുത്തി 40 കുടുംബങ്ങൾക്കും പട്ടികജാതിയിൽപെട്ട 30 കുടുംബങ്ങൾക്കും ഉൾപ്പെടെ ആകെ 70 കുടുംബങ്ങൾക്കാണ് ഈ പ്രോജക്ടിന്റെ കീഴിൽ ആനുകൂല്യം നൽകുന്നതിനായി ഭവന നിർമ്മാണ ബോർഡിലേയ്ക്ക് യഥാക്രമം ജനറൽ വിഭാഗത്തിൽ 10000/- രൂപ പദ്ധതിവിഹിതത്തിൽ നിന്നും 2500/- രൂപ |

| | | | | |
|---|---|---|---|---|
| | | | 3. ഗുണഭോക്തൃസമിതിക്ക് അധികം നൽകിയ | ഗുണഭോക്തൃവിഹിതമായും വാങ്ങി 40 കുടുംബങ്ങളുടെ തുക 400000/- രൂപയും, ഗുണഭോക്തൃവിഹിതം 100000/- രൂപയും ചേർത്ത് ആകെ 500000/- രൂപയും പട്ടികജാതി വിഭാഗങ്ങളുടെ തുകയായി 375000/- രൂപയും ഭവന നിർമ്മാണ ബോർഡിൽ ഒടുക്കിയിരുന്നു. ഇത് മൂലം മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് ഭവനം ആർജ്ജിക്കാനായി എന്നുള്ള വസ്തുത നിലനിൽക്കുകയാണ്. ആഡിറ്റ് റിപ്പോർട്ടിൽ 40 കുടുംബങ്ങൾക്ക് 3750/- രൂപ വീതം അധികമായി നൽകിയ 150000/- രൂപ ആഡിറ്റിൽ നിരാകരിക്കുകയും, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുവാനും നിർദ്ദേശിച്ചിട്ടുള്ളത് കമ്മിറ്റി വിലയിരുത്തി. ദാരിദ്ര്യലഘൂകരണത്തിന്റെ ഭാഗമായി വീട് ആർജ്ജിക്കുന്നതിന് സാധുക്കളായ കുടുംബങ്ങളെ സഹായിക്കുക മാത്രമാണ് സെക്രട്ടറി ചെയ്തിട്ടുള്ളത്. അധികമായി ചെലവഴിച്ച് എന്നുപറയുന്ന തുക ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട് ഇത് മൂലം യാതൊരു വിധത്തിലുമുള്ള ധനദുർവിനിയോഗവും നടന്നിട്ടില്ല. ഈ പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് അധികം ചിലവഴിച്ച തുക യഥാർത്ഥ ലക്ഷ്യത്തിന് വേണ്ടി ചെലവഴിച്ചതായി കണക്കാക്കി ടി ചെലവിൽ സാധൂകരണം നൽകുവാൻ 10/02/2014 തീയതി നടന്ന അടിയന്തിര മീറ്റിംഗിലെ X (1) ാം നമ്പർ തീരുമാന പ്രകാരം ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് ഈ യോഗം ഐകകണ്ഠേന അഭ്യർത്ഥിച്ച് തീരുമാനിച്ചു<br><br>3. 1999 – 2000 ലെ ആഡിറ്റ് പരാമർശം ഖണ്ഡിക 3(22) പ്രകാരം ഉത്തരവാദിയായ സെക്രട്ടറി ശ്രീ.ജോർജ്ജ് ജേക്കബിന് ഇത് സംബന്ധിച്ച് പങ്കൊന്നും |

| | | | | | |
|---|---|---|---|---|---|
| | | | തുക-61399/- | | കാര്യാലയത്തിൽ നിന്നും ആർ.ആർ.നോട്ടീസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അയച്ച് നൽകിയെങ്കിലും ആയത് കക്ഷി സ്ഥലത്ത് ഇല്ലാത്തതിനാൽ മടങ്ങി വരികയാണ് ഉണ്ടായത്. നേരത്തെ ഈടാക്കൽ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് നിലവിൽ പുനപരിശോധിച്ചെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 215(9) പ്രകാരം ചെലവ് ചെയ്ത തീയതി മുതൽ 4 വർഷത്തിനുള്ളിൽ ഈടാക്കൽ നടപടി സ്വീകരിക്കാതിരുന്നത് മൂലം നിലവിൽ തുടർനടപടി സ്വീകരിച്ചാൽ നിയമപരമായി നിലനിൽക്കുകയില്ല എന്നുള്ള വസ്തുത കണക്കിലെടുത്തും കൂടാതെ സർക്കാർ ഉത്തരവ് നം. 218/98/തസ്വഭവ തീയതി 23.10.99 പ്രകാരം നടത്തിയ പ്രവൃത്തികൾക്ക് അധികനിരക്ക് കുട്ടനാടൻ പ്രദേശമായ കൈനകരി പോലെ സാധനസാമഗ്രികൾ സൈറ്റിലെത്തിക്കുന്നതിന് ഒട്ടേറെ പ്രയാസവും കൂലിചെലവും വേണ്ടി വരുന്ന ഒരു പ്രദേശത്ത് അധിക നിരക്ക് നൽകിയ നടപടി ഉചിതമാണെന്ന് യോഗം വിലയിരുത്തി. പ്രവൃത്തികൾ സുഗമമായി പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ട സാഹചര്യം കണക്കിലെടുത്തും ഈടാക്കൽ നടപടി തുടരുവാൻ സാധിക്കാത്ത സ്ഥിതിയിലും ഖണ്ഡികയിലുള്ള പരാമർശം ഒഴിവാക്കി തരുന്നതിന് 10/12/2014 തീയതി നടന്ന അടിയന്തിര മീറ്റിംഗിലെ XV (6) ാം നമ്പർ തീരുമാനം പ്രകാരം ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റിയോട് ഈ യോഗം ഐകകണ്ഠേന അഭ്യർത്ഥിച്ച് തീരുമാനിച്ചു |

| | | | | |
|---|---|---|---|---|
| 20 | വെളിയനാട് | | 1. മരാമത്ത് പണി -രേഖകൾ ഹാജരാക്കിയില്ല-138650/-<br><br>2. കമ്പ്യൂട്ടർ-രേഖകൾ ഹാജരാക്കിയില്ല-182000/- | 1. ആഡിറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും ടി ആഡിറ്റ് തടസ്സം സംബന്ധിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല പദ്ധതികകളുടെ നടത്തിപ്പ് സംബന്ധിച്ച രേഖകളും ലഭ്യമല്ല എന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു<br><br>2. ആഡിറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും ടി ആഡിറ്റ് തടസ്സം സംബന്ധിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല പദ്ധതികകളുടെ നടത്തിപ്പ് സംബന്ധിച്ച രേഖകളും ലഭ്യമല്ല എന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു |
| 21 | ദേവികുളങ്ങര | | 1. ഭൂമി കൃഷിയോഗ്യമാക്കൽ - അനർഹമായി സബ്സിഡി നൽകിയത് 298028/- | പരാമർശ വിഷയം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നൽകിയ മറുപടി 14/07/2004 ലെ പഞ്ചായത്ത് കമ്മിറ്റി 2ൽ 1-ാം നമ്പരായി ചർച്ച ചെയ്യുകയും കമ്മറ്റി പരാമർശം ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുതവിവരങ്ങൾ ആഡിറ്റ് മറുപടിയായി സമർപ്പിയ്ക്കുകയുണ്ടായി. ബഹു. ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയുടെ 13/05/2005ലെ എൽ എഫ് എ 8/898/2004 നമ്പർ പുനരഭിപ്രായ കുറിപ്പ് പ്രകാരം ടി.പരാമർശം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്.ആയതിനാൽ ടി |

85

| | | | | |
|---|---|---|---|---|
| | | | | വിഷയത്തിൻ മേൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നുള്ള വിവരം അറിവിലേക്കായി സമർപ്പിച്ചു കൊള്ളുന്നു. |
| 22 | ഹരിപ്പാട് | | 1. പിഴപ്പലിശ ഈടാക്കാത്തത്-28255/-<br><br>2. കമ്മിറ്റി തീരുമാനമല്ലാതെ ചെലവഴിച്ച തുക-31076/- | 1. 1999-2000 വർഷത്തെ ഖണ്ഡിക 2.15 പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച ആഡിറ്റ് പരാമർശം ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 01.02.2012 ലെ എൽ എഫ് എ A5/1832/2011 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.<br><br>2. 1999-2000 വർഷത്തെ ഖണ്ഡിക 3.20 കമ്മിറ്റി തീരുമാനമില്ലാതെ ചെലവഴിച്ച തുക സംബന്ധിച്ച് ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ.ജി.സോമനിൽ പഞ്ചായത്തിനുണ്ടായ നഷ്ടമായ 31076/- രൂപ ഉൾപ്പെടെ ടിയാന്റെ ബാദ്ധ്യതയായ 335512- രൂപ റവന്യൂ റിക്കവറി നടപടി വഴി ഈടാക്കുന്നതിന് പഞ്ചായത്തിന്റെ 31/10/2007 ലെ 4(2) നമ്പർ തീരുമാന പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർക്ക്സമർപ്പിക്കുകയും 25/03/2009 ലെ 371256 നമ്പർ ഡി.ഡി പ്രകാരം 24937/- രൂപ കാർത്തികപ്പള്ളി തഹസിൽദാർ ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ആർ.ആർ നടപടിക്കെതിരെ ടിയാൻ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 6973/09 നമ്പർ കേസ് SAT, തിരുവനന്തപുരത്തേക്ക് മാറ്റുകയും ഗ്രാമ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്നതിന് അഡ്വക്കേറ്റ് ശ്രീ.കവടിയാർ മോഹൻദാസിന് ഹരിപ്പാട് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 26/04/2014 തീയതിയിലെ 2(7) നമ്പർ തീരുമാന പ്രകാരം വക്കാലത്ത് നൽകിയിട്ടുണ്ട്.കേസ് ട്രൈബ്യൂണലിൽ ഇതുവരെ പരിഗണനയ്ക്ക് എടുത്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | 3. വകമാറ്റി ചെലവഴിച്ചത്-26961/-<br><br>4. ഇലക്ട്രിക്കൽ സാധനം വാങ്ങി-രേഖകൾ ലഭ്യമാക്കിയില്ല-76065/- | 3. 1999-2000 വർഷത്തെ ഖണ്ഡിക 3.21 വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച ആഡിറ്റ് പരാമർശം ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 27/10/2005 ലെ എൽ എഫ് എ.12/589/04 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്.<br>4. 1999-2000 വർഷത്തെ ഖണ്ഡിക 3.21 ഇലക്ട്രിക്കൽ സാധനം വാങ്ങി- രേഖകൾ ലഭ്യമാക്കിയില്ല എന്ന ആഡിറ്റ് പരാമർശം ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 01.02.2012 ലെ എൽ എഫ് ബി A5/1832/2011 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| 23 | ചെറിയനാട് | | 1. ഡ്രൈവിങ്ങ് പരിശീലനം-രേഖകൾ ഇല്ലാത്തത്-40000/- | 1. ഓഡിറ്റ് റിപ്പോർട്ടിനു മറുപടി നൽകുന്നതിനായി ടി കാലയളവിലെ ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ ഹരികുമാർ ഉണ്ണിത്താന് 18/01/2003 ൽ തന്നെ രജിസ്റ്റേർഡ് തപാൽ അയച്ചിട്ടുള്ളതും ആയത് കൈപ്പറ്റി അക്നോളഡ്ജ്മെന്റ് കാർഡ് തിരികെ ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെയായും ഇതു സംബന്ധിച്ച അദ്ദേഹത്തിന്റെ മറുപടി ഈ ഓഫീസിൽ ലഭിച്ചിട്ടില്ല എന്നു രേഖകൾ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കാലപ്പഴക്കം മൂലം ടി കാലയളവിലെ രേഖകൾ പലതും നശിച്ചുപോയിട്ടുള്ളതാണ്. ആയതിനാൽ ടി കാലയളവിലെ ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ ഹരികുമാർ ഉണ്ണിത്താനോട് അടിയന്തിരമായി ടി |

| | | | | |
|---|---|---|---|---|
| | | | 2. കാലിത്തൊഴുത്ത്–തറ കോൺക്രീറ്റ്–അപാകത–107000/– | ഓഡിറ്റ് പരാമർശത്തിന്മേൽ മറുപടി നൽകണമെന്നാവശ്യപ്പെട്ട് 16/12/2014 ൽ ലെ എ൯ 6930/14 നമ്പർ കത്ത് പ്രകാരം രജിസ്റ്റേഡ് തപാൽ അയച്ചിട്ടുള്ളതാണ്. ടി ഓഡിറ്റ് പരാമർശം പരിഹരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിനും തീരുമാനത്തിനുമായ 19/12/2014 തിയതിയിലെ ഗ്രാമപഞ്ചായത്ത യോഗത്തിൽ അജണ്ടയിൽ ടി വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിവര അറിയിച്ചുകൊള്ളുന്നു.<br><br>2. പദ്ധതി നടപ്പിൽ വരുത്തിയപ്പോൾ പശുവളർത്താ ഇല്ലാത്തവർ അപേക്ഷ തന്നതായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനയിൽ നേരിട്ട് മനസിലാക്കിയതിനാൽ ഗ്രാമസ അംഗീകരിച്ചവരും പശുവളർത്താൻ ഉള്ളവരുമായ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് സമിതിയും അംഗീകാരത്തോടെ തെരഞ്ഞെടുത്ത് ആനുകൂല്യ നൽകുകയാണ് ചെയ്തത്. ഓരോ വാർഡിലെയു അർഹരായവരുടെ ലിസ്റ്റുകൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളതും ടി കാലയളവിലെ യോഗത്തിൽ വായിച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്. ഗുണഭോക്താക്ക ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരാണെന്നു കാലയളവിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ക്ഷേമകാര പ്രവർത്തനങ്ങളിൽ ഗുണഭോ തിട്ടപ്പെടുത്തുന്നതിനു ഗ്രാമപഞ്ചായത്തിന് അധികാരം നൽകിയിട്ടുള്ളതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് നൽകിവരുന്ന ആനുകൂല്യങ്ങൾക്ക് വില്ലേ |

| | | | | |
|---|---|---|---|---|
| | | | | ഓഫിസിൽ നിന്നും വരുമാനം തിട്ടപ്പെടുത്തി നൽകേണ്ടതില്ല എന്നും ആയതിനു ഗ്രാമപഞ്ചായത്തിൽ ഉദ്യോഗസ്ഥരുണ്ടെന്നും ഉള്ള നിർദ്ദേശം വില്ലേജ് ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ വില്ലേജ് ഓഫീസിൽ നിന്നും ടി ആവശ്യത്തിനായി വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്നു ഗുണഭോക്താക്കൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരെ കൊണ്ട് അന്വേഷണം നടത്തി ടി ഗുണഭോക്താക്കൾ അർഹരാണെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിമിതമായ സമയം കൊണ്ട് നടപ്പിലാക്കേണ്ടതായതിനാലും ഉദ്യോഗസ്ഥരുടെ അഭാവം കാരണവും ക്ലറിക്കൽ പിഴവുകൾ സംഭവിച്ചത് മാപ്പാക്കണമെന്നും അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടില്ല എന്നും ടി കാലയളവിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം ആർ സൗദാമിനിയമ്മ മറുപടി നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. നിലവിൽ ശ്രീമതി എം ആർ സൗദാമിനിയമ്മ 2010 ൽ മരണപ്പെട്ടു പോയതിനാലും, ടി കാലയളവിലെ സെക്രട്ടറി 2007 ൽ വിരമിച്ചുപോയതിനാലും കാലപ്പഴക്കം മൂലം ബന്ധപ്പെട്ട രേഖകളിൽ പലതും നശിച്ചു പോയതിനാലും മറ്റു തുടർനടപടികൾ സ്വീകരിക്കുന്നതിനു സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി കാലയളവിലെ സെക്രട്ടറിക്ക് ജെ എസ് 6930/14 എന്ന നമ്പരിൽ രജിസ്റ്റേർഡ് |

| | | | | |
|---|---|---|---|---|
| | | | | നോട്ടീസ് 16/12/2014 ൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. ടി ഓഡിറ്റ് പരാമർശം പരിഹരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിനും തീരുമാനത്തിനുമായി 19/12/2014 തിയതിയിലെ ഗ്രാമപഞ്ചായത്ത് യോഗത്തിൽ അജണ്ടയിൽ ടി വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| | | | 3. കാലിത്തൊഴുത്തിന്റെ നിർമ്മാണത്തപാകത-94400/- | 3. രേഖകൾ പരിശോധിച്ചതിൽ ടി കാലയളവിൽ ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്റിനറി സർജൻ ഡോ. സിസി ഫിലിപ്പ് ദാരിദ്ര രേഖയ്ക്കു താഴെയുള്ളവർ എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ഗുണഭോക്താക്കളോട് ആവശ്യപ്പെട്ടപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറി എന്നിവർ ലിസ്റ്റിലുള്ള എല്ലാവരും ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരാണെന്നും ആയതിനാൽ തന്നിരിക്കുന്ന ലിസ്റ്റ് പ്രകാരം പദ്ധതി നടപ്പിൽ വരുത്തിയാൽ മതിയെന്നു നിർദ്ദേശിച്ചതായി മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ടിയാൾക്ക് നൽകിയ പ്രോജക്ടിൽ രണ്ടാം ഗഡു 600 രൂപ വെട്ടിതിരുത്തി 1400 രൂപയെന്നാക്കി ഒപ്പിട്ടു നൽകിയത് പഞ്ചായത്ത് പ്രസിഡന്റ് ആയതിനാൽ അതനുസരിച്ചു പ്രോജക്ട് നടപ്പിലാക്കിയെന്നും അംഗീകൃത പ്രോജക്ടുമായുള്ള വ്യത്യാസം ഓഡിറ്റ് സമയത്ത് മാത്രമാണ് ശ്രദ്ധയിൽ പെട്ടതെന്നും മറുപടി നൽകിയിട്ടുണ്ട്. ടി കാലയളവിലെ ഗ്രാമപഞ്ചായത്ത് യോഗ മിനിറ്റ്സിൽ ഗുണഭോക്താക്കളുടെ പേര് പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ടി |

| | | | | | |
|---|---|---|---|---|---|
| | | | | | ഗുണഭോക്തൃ ലിസ്റ്റ് പ്രത്യേകം രജിസ്റ്ററിൽ എഴുതി തയ്യാറാക്കി ടി കാലയളവിലെ ഗ്രാമപഞ്ചായത്ത് സമിതിയിൽ വായിച്ച് അംഗീകാരം നേടിയിട്ടുള്ളതാണ് എന്നും ടി കാലയളവിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം ആർ സൗദാമിനിയമ്മ മറുപടി നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. ഗ്രാമസഭയിൽ ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട വനിതകളിൽ പലരുടേയും ഭർത്താവിന്റെ പേരിലും പിതാവിന്റെ പേരിലുമൊക്കെയാണ് വസ്തു രജിസ്റ്റർ ചെയ്തിരുന്നത് എന്നതിനാലാണ് പുരുഷൻമാരുടെ പേര് ഉൾപ്പെട്ടത്. എന്നിരുന്നാലും ടി പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുള്ളത് ചെറിയനാട് ഗ്രാമപഞ്ചായത്തിലെ കറവ് പശു വളർത്തുന്ന വനിതകൾക്ക് തന്നെയാണ്. ഒന്നാം ഗഡു കൈപ്പറ്റി പദ്ധതി നിർവ്വഹണം നടത്താതിരുന്ന ശ്രീമതി ഓമനകുഞ്ഞമ്മ പുത്തൻപുരയ്ക്കൽ മാമ്പ പി ഒ എന്നയാൾക്ക് ടി തുക തിരികെ ഒടുക്കണമെന്നാവശ്യപ്പെട്ട് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ വ്യത്യാസം വരുത്തിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നും രേഖാമൂലം നിർദ്ദേശങ്ങളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കു നൽകിയിട്ടുള്ളതായി രേഖകൾ പ്രകാരം കാണുന്നില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ രേഖാമൂലമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥ |

| | | | | |
|---|---|---|---|---|
| | | | | പദ്ധതിയിൽ വ്യത്യാസം വരുത്തിയിട്ടുള്ളതാ വ്യക്തവുമാണ്. നിലവിൽ ശ്രീമതി എം ശ സൗദാമിനിയമ്മ 2010 ൽ മരണപ്പെ പോയതിനാലും, ടി കാലയളവിലെ സെക്രട്ടറി 2 ൽ വിരമിച്ചുപോയതിനാലും കാലപ്പഴക്കം മൂ ബന്ധപ്പെട്ട രേഖകളിൽ പലതും നശി പോയതിനാലും മറ്റു തുടർനടപടിക സ്വീകരിക്കുന്നതിനു സാധിക്കാത്ത അവസ്ഥയാ നിലവിലുള്ളത്. ടി കാലയളവിലെ സെക്രട്ടറി ജെ എസ് 6930/14 എന്ന നമ്പരിൽ രജിസ്റ്റർ നോട്ടീസ് 16/12/2014 ൽ തപ്പാലാ നൽകിയിട്ടുണ്ട്. ടി ഓഡിറ്റ് പരാമർ പരിഹരിക്കുന്നത് സംബന്ധിച്ച് വ്യക്തമാ നിർദ്ദേശം ലഭിക്കുന്നതിനും തീരുമാനത്തിനുമാ 19/12/2014 തിയതിയിലെ ഗ്രാമപഞ്ചായത്ത യോഗത്തിൽ അജണ്ടയിൽ ടി വിഷയ ഉൾപ്പെടുത്തിയിട്ടുണ്ട് |
| 24 | കോടംതുരുത്ത് | | റോഡ് നിർമ്മാണം ~~ഭവനനിർമ്മാണം~~-പണി പൂർത്തികരിച്ചിട്ടില്ല-37500/- | ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട്- 1999/20 പരിശോധിച്ചതിൽ ഭവന നിർമ്മാണവുമാ ബന്ധപ്പെട്ട് തടസ്സങ്ങൾ ഒന്നും ഉള്ളതാ കാണുന്നില്ല. കത്തിൽ സൂചിപ്പിച്ചിരിക്കുന്ന 37500 രൂപ ലോക്കൽ ഫണ്ട് ചെലവ് ആഡിറ്റ് 1999/20 ഖണ്ഡിക 2(14) ൽ സൂചിപ്പിച്ചിരിക്കുന്ന കരുമാഞ്ചേരി-പുതുശ്ശേരിവെളി റോഡ് നിർമ്മാണ എന്ന പ്രവർത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസും, സെക്യൂർഡ് അഡ്വാൻസു കൈപ്പറ്റിയിട്ടും 2002/03 ലും സ്പിൽ ഓവർ ആ തുടരുന്നു എന്നത് സംബന്ധിച്ചാണ്. 1999/20 ത്തിലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം നിയമാനുസൃ |

| | | | | | |
|---|---|---|---|---|---|
| | | | | | റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും കോടംതുരുത്ത് വില്ലേജ് ഓഫീസ് മുഖേന ടിയാന്റെ വസ്തുവിന്മേൽ ടി തുക അറ്റാച്ച് ചെയ്യുകയും ചെയ്തിരിക്കുകയാണ്. ജൂലൈ 2006 ൽ കൺവീനറായിരുന്ന ശ്രീ ജോളി മരണപ്പെട്ടു പോയിട്ടുള്ളതും ടി തുക ഒരു വൻ ബാദ്ധ്യതയായി ആ കുടുംബത്തിന് വരികയും മറ്റു പല കാരണങ്ങളാലും ടിയാന്റെ കുടുംബം കടക്കെണിയിലാവുകയും ചെയ്തിരിക്കുകയാണ്. ടിയാന്റെ ഭാര്യയായ ശ്രീമതി ഷീബാ ജോളി, കാരികോടത്ത് ലോക അദാലത്ത്, ചേർത്തലയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 30.09.14 ൽ XIV -ാം നമ്പരായി പഞ്ചായത്ത് കമ്മറ്റി, നിയമം അനുവദിക്കുമെങ്കിൽ, ആയത് ഒഴുവാക്കി നൽകുന്നതിന് തീരുമാനമെടുത്തിട്ടുള്ളതും ആയത് ബഹു പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശ സ്വയംഭരണ വകുപ്പിന് 08.10.2014 ൽ പ്രസിഡന്റ് മുഖേന അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.